ജനുവരി

# മലങ്കരസഭ

മാസിക




പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ
കാതോലിക്കാബാവാ തിരുമേനിക്ക്
മലങ്കരസഭയുടെ പ്രാർത്ഥനാനിർഭരമായ
87-ാം ജന്മദിന ആശംസകൾ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



DR. GEORGE THOMAS
DR. GRACE GEORGE
GEM & GREG
SOUTH AFRICA

മദ്ധ്യസ്ഥതയാചിച്ചുകൊണ്ട്






എൽസാ മേരി മാത്യു






മോളി & അവറാച്ചൻ, തിരുവനന്തപുരം




മറിയാമ്മ മത്തായി



PATRON SAINT

# മലങ്കരസഭ

ലക്കം 1
പുസ്തകം 57
ജനുവരി 2001
ദേവലോകം, കോട്ടയം–686 038
ഫോൺ: 0481–573234

## ഉൾത്തുടിപ്പുകൾ

**എഡിറ്റോറിയൽ**
4 എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ സന്ദർശനം ഉണർത്തുന്ന ചില ചിന്തകൾ
ഫാ. ഡോ. ജേക്കബ് കുര്യൻ

5 മഹാമഹൽ കാഴ്ചയർപ്പണം
8 വൈദിക ശുശ്രൂഷ : സാദ്ധ്യതകൾ സംബന്ധിച്ച ......

**ധ്യാനപംക്തി**
23 ഞായർദിനചിന്തകൾ
ഫാ. ജോസഫ് സാമുവേൽ കറുകയിൽ

**പഠനവേദി**
18 മനുഷ്യൻ പ്രകൃതിയുടെ ഭാഗം
പ്രൊഫ. കെ. പി. ജോയി

**കാർട്ടൂൺ**
15 ഉപ്പാണ്ടിമാപ്ല
റോണി ചെങ്ങന്നൂർ

**പുസ്തകവിചാരം**
9 കുടുംബ നിധി കുടുംബവേദി
ഐ. സി തമ്പാൻ, ഡി വൈ എസ്.പി. കോട്ടയം

**കൗൺസലറുടെ പംക്തി**
14 ഭർത്താവിന്റെ വിശ്വാസത്തിലേക്കു ......
ഫാ. ഡോ. ഒ. തോമസ്

11 ബൈബിൾ പഠനം

**ലേഖനം**
7 കേരള ക്രിസ്ത്യാനികളും മാർത്തോമ്മായും
തോമസ് പോൾ മുള്ളനിക്കാട്
12 അമ്മയുടെ നന്മ പുത്രന്റെ ഉയർച്ച
അഡ്വ. ജി. കോശി അഞ്ചൽ
17 ബുദ്ധിക്കു നഞ്ചായ മദ്യം
റവ. ജേക്കബ്, മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പാ
20 Face in the Malankara Orthodox....
Dr. C.V. Cherian
22 ബലഹീനനായിരിക്കുമ്പോൾ തന്നെ......
മത്തായി മാമ്പള്ളിൽ
29 ജൂണിയർ നാംസ് മലങ്കരസഭയുടെ....
ഡോ. പി. എം. തോമസ്, കാതോലിക്കേറ്റ് കോളജ്

**വാർത്തകൾ**
15, 31, 32, 33
34 സൺഡേസ്കൂൾ വാർത്ത

പത്രാധിപസമിതി

*പ്രസിഡന്റ്*
ഫിലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473–322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488–523001

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481–568046

*അംഗങ്ങൾ*
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

*മാനേജർ*
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481–578234

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0481–567421

*സർക്കുലേഷൻ കൺസൾട്ടന്റ്*
ഒ.ജി. തരകൻ

*ബിസിനസ്സ് മാനേജർ*
ഫാ. ഷൈജു കുര്യൻ

എഡിറ്റോറിയൽ

# എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ സന്ദർശനം ഉണർത്തുന്ന ചില ചിന്തകൾ

ഫാ. ഡോ. ജേക്കബ് കുര്യൻ

രണ്ടായിരമാണ്ട് നവംബർ മാസം, ചരിത്രത്തിലാദ്യമായി ആഗോള പൗരസ്ത്യ (ബൈസന്റയിൻ) ഓർത്തഡോക്സ് സഭകളുടെ ആകമാനപാത്രിയർക്കീസ് മലങ്കര ഓർത്തഡോക്സ് സഭ സന്ദർശിച്ചു. അഞ്ചാം നൂറ്റാണ്ടിലുണ്ടായ ക്രിസ്തുശാസ്ത്ര സംബന്ധമായ ഒരഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ലോകത്തുള്ള ഓർത്തഡോക്സു സഭകൾ പരസ്പരം വി. കുർബാനാ സമ്പർക്കമില്ലാത്ത രണ്ട് ചേരികളായി മാറിപ്പോയിരുന്നു. എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ ആത്മീയ സ്ഥാനത്തെ അംഗീകരിക്കുന്ന ഒന്നും, മലങ്കരസഭയും അന്ത്യോഖ്യൻസഭയും ഒക്കെ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗം മറ്റൊന്നും. ഈ രണ്ടു വിഭാഗങ്ങൾ തമ്മിലും നിലനിൽക്കുന്ന വ്യത്യാസങ്ങൾക്ക് വേദശാസ്ത്ര തലത്തിൽ പരിഹാരം ഉണ്ടായിയെന്നും, പരസ്പരം അനാത്തമ (വേദവിപരീതാരോപം) ചൊല്ലിയിരുന്നത് അവസാനിപ്പിക്കാറായെന്നും, വി. കുർബ്ബാനാസംസർഗ പ്രഖ്യാപനം മാത്രം അവശേഷിച്ചിരിക്കുന്നുവെന്നും, എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ പ്രസംഗത്തിൽ നിന്ന് മലങ്കരസഭാംഗങ്ങൾക്ക് കേൾക്കുവാൻ കഴിഞ്ഞു. ഈ രണ്ടു വിഭാഗങ്ങൾ തമ്മിൽ മധ്യപൗരസ്ത്യദേശത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ നടന്നിട്ടുള്ള ധാരണ കൂടുതൽ ശ്രദ്ധേയമാണ്. അന്ത്യോഖ്യാ പാത്രിയർക്കീസായ പ. സഖാ പ്രഥമൻ ബാവായും അന്ത്യോഖ്യാ പാത്രിയർക്കീസ് സ്ഥാനം തന്നെ അവകാശപ്പെടുന്ന ഗ്രീക്ക് ഓർത്തഡോക്സ് സഭാദ്ധ്യക്ഷനും തമ്മിൽ ഉണ്ടായിരിക്കുന്ന ധാരണയനുസരിച്ച്, ഇരു വിഭാഗത്തെയും സഭാംഗങ്ങൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ രണ്ടു വിഭാഗത്തിലെയും വൈദിക സ്ഥാനികളെ അനുവദിക്കുന്നു. അതായത് പരിമിതമായ ഒരർത്ഥത്തിൽ മധ്യപൗരസ്ത്യദേശത്ത് ഇരുവിഭാഗങ്ങളും തമ്മിൽ പരസ്പരം കൂദാശാ സംസർഗ്ഗം പുനഃസ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്ന് പറയാം.

ബൈസന്റയിൽ സഭകൾ എല്ലാം തന്നെ സ്വതന്ത്ര ദേശീയ സഭകളാണ്. സ്വതന്ത്ര ദേശീയ സഭകളായിരിക്കുമ്പോൾ തന്നെ, അവ തമ്മിൽ നിലനിൽക്കുന്ന ആത്മീയ ഐക്യത്തിന്റെ പ്രതീകമാണ് എക്യുമെനിക്കൽ പാത്രിയർക്കേറ്റ്. അതിലുപരിയായി ഏതെങ്കിലും മേലധികാരവകാശം എക്യുമെനിക്കൽ പാത്രിയർക്കേറ്റിനു വേണ്ടി ആരെങ്കിലും ഉന്നയിച്ചിട്ടുള്ളപ്പോഴൊക്കെ, മേല്പറഞ്ഞ സ്വതന്ത്ര ദേശീയ സഭകൾ അതിനെ ചെറുത്തിട്ടുമുണ്ട്. അവർ ഒറ്റക്കെട്ടായി പറയുന്ന ഒരുകാര്യം എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും തങ്ങൾക്ക് ഒരു പങ്കാളിത്തവും ഇല്ലെന്നാണ്. അതുപോലെ തന്നെ തങ്ങളുടെ സഭാതലവന്മാരെ തെരഞ്ഞെടുക്കുമ്പോഴും സ്ഥാനാരോഹണം ചെയ്യുമ്പോഴും എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ അംഗീകാരം അവർ ചോദിക്കാറുമില്ല. ഓർത്തഡോക്സ് ലോകത്തുമുഴുവൻ മാനിക്കപ്പെടുകയും, പാലിക്കപ്പെടുകയും ചെയ്യുന്ന പ്രസ്തുത തത്വമല്ലേ, മലങ്കര ഓർത്തഡോക്സുസഭയുടെ ഭരണഘടനയിലും കൂടുതൽ മാന്യതയോടെ നിലനിർത്തിയിരിക്കുന്നതെന്ന ചോദ്യം പ്രസക്തമാണ്.

എക്യുമെനിക്കൽ പാത്രിയർക്കേറ്റും ബൈസന്റയിൽ ദേശീയ സ്വതന്ത്ര സഭകളും തമ്മിലുള്ള ചരിത്രപരമായ ബന്ധങ്ങൾ പരിശോധിച്ചാലും, ചിലപ്പോൾ പാത്രിയർക്കീസ് സഹായിച്ചും, ചിലപ്പോൾ തമ്മിൽ പിണങ്ങിയുമുള്ള അധ്യായങ്ങൾ കാണുവാൻ കഴിയും. ചരിത്രത്തിൽ നിന്നു പാഠങ്ങൾ പഠിച്ചിട്ടുള്ള, ദീർഘവീക്ഷണവും ക്രിസ്തീയദർശനവും ഉള്ള എക്യുമെനിക്കൽ പാത്രിയർക്കീസന്മാർക്ക് ഒരു പരിധിവരെ തങ്ങളുടെ സ്ഥാനവും മാനവും സൂക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ മാതൃകാപരമായ ഒരു വ്യക്തിത്വമാണ് ഇപ്പോഴത്തെ എക്യുമെനിക്കൽ പാത്രിയർക്കീസ് പ. ബർത്തലോമിയ ഒന്നാമൻ. അദ്ദേഹത്തിന്റെ മലങ്കരസഭാ സന്ദർശനം, മലങ്കരസഭയുടെ ഒരു ഭാവി ദർശനത്തിന്റെ പ്രതീകാത്മക സാക്ഷാത്കരമാണ്.



# മഹാമഹൽ കാഴ്ചയർപ്പണം

"കർത്താവിന് അർപ്പിക്കുവാൻ.... അവർ അവനെ യേറുശലേമിലേക്കു കൊണ്ടുപോയി"-ലൂക്കോസ് 2:24

മായൽത്തോ-അഥവാ നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം-മനോഹരമായ ഒരു മാറാനായപ്പെരുന്നാൾ ആകുന്നു. അന്നു നമ്മൾ ദർശിക്കുന്ന സംഭവം എന്താണ്? ഭാഗ്യവതിയായ വി. കന്യകമറിയാം യേശുവിനെ പ്രസവിച്ചിട്ടു നാല്പതു ദിവസങ്ങൾ പൂർത്തിയായി. മോശയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണദിവസങ്ങൾ തികഞ്ഞു. പൈതലിനെ ദൈവാലയത്തിൽ കൊണ്ടു ചെന്നു കാഴ്ചയർപ്പിക്കണം - അടിമവവയ്ക്കണം. ആയതു വെറുംകൈയോടെ ആയിരിക്കരുത്. ഒരിണ ചെങ്ങാലിയെയോ, രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ യാഗം കഴിക്കയും ചെയ്യണം.

ദിവ്യവചനിപ്പുമൂലവും പ്രകൃതാതീതമായും അവതാരം ചെയ്ത പൈതലിനെ സംബന്ധിച്ചിടത്തോളം ആ നിയമ നിർവ്വഹണം ആവശ്യമോ എന്നു വി. യൗസേപ്പാകട്ടെ, വി. കന്യകമറിയാമാകട്ടെ, ആരായുകയോ, ചിന്തിക്കുകയോ ചെയ്യുന്നില്ല. ഞാൻ കർത്താവിന്റെ ദാസൻ, ദാസി എന്ന വിനീത മനോഭാവത്തോടെയുള്ള വണക്കബുദ്ധിയിൽ തന്നെ അവർ നിലകൊള്ളുന്നു. വിശുദ്ധ കന്യകമറിയാം വിശുദ്ധ ശിശുവിനെ വഹിച്ചിരിക്കുന്നു. മാർ യൗസേഫ് ബലിസാധനങ്ങൾ എടുക്കുന്നു. അവർ, യേശു എന്നു നാമം നൽകപ്പെട്ട ആ പൈതലിനെ യേറുശലേം ദൈവാലയത്തിലേക്കു കൊണ്ടു പോകുന്നു. പൈതലിനെ ആദ്യമായി ദൈവാലയത്തിലേക്കു പ്രവേശിപ്പിക്കുന്നു. ആ രംഗം മനസ്സിൽ രൂപീകരിക്കുക. ഉൾക്കണ്ണുകൾകൊണ്ടു കാണുക. അവരുടെ ആനന്ദം എത്രയോ നിറവുള്ളതായിരുന്നിരിക്കണം! അവരുടെ സ്തോത്രം എത്രയോ ഹൃദയപൂർവ്വമായിരിക്കണം! ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ അഴിക്കുവാനല്ല, നിവർത്തിക്കുവാനത്രെ വന്നിരിക്കുന്നത് എന്ന് പിന്നാലെ യേശു അരുളിയ മൊഴി ഉണ്ണിക്കാലം മുതലേ എത്രയോ സാർത്ഥകമായിരിക്കുന്നു! വി. മാതാവും വിശുദ്ധനായവളർത്തുപിതാവും പൈതലിനെ ദൈവാലയത്തിൽ കർത്താവിനു കാഴ്ചയർപ്പിക്കുന്നു. മഹാമഹൽ കാഴ്ചയർപ്പണം!

മനുഷ്യന് അർപ്പിക്കാവുന്ന ഏറ്റവും മഹിമയേറിയ കാഴ്ച യേശുമശിഹാ ആകുന്നു. ദൈവത്തിന് ഏറ്റവും പ്രസാദകരമായ കാഴ്ചയും യേശുമിശിഹാ തന്നെ. വി. കുർബ്ബാനയിൽ പീലാസായും, കാസായും ഉയർത്തപ്പെടുന്നത് ഏവംവിധമുള്ള ഒരു മഹാമഹൽ കാഴ്ചയർപ്പണം അല്ലയോ? ആ കാഴ്ച-കുർബ്ബാന-അർപ്പിക്കുന്നതു പുരോഹിതൻ തനിച്ചല്ല, വിശ്വാസികളും കൂടെ ചേർന്നാണ് എന്ന സത്യം ആ വിശുദ്ധബലിയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനു നാമേവർക്കും പ്രേരകമായിരിക്കട്ടെ.

ആ സുദിനത്തിൽ രണ്ടുപേരെക്കൂടെ യെറുശലേം ദൈവാലയത്തിൽ നാം കാണുന്നു. ഒന്ന്, വൃദ്ധനായ ശെമവൂൻ, മറ്റത്, വൃദ്ധയായ ഹന്നാ. ആചാര്യനായ സ്ക്കറിയായെപ്പോലെ ശെമവൂനും ഒരു ദിവ്യശിക്ഷയ്ക്കു വിധേയനായിരുന്നു എന്നത്രെ പാരമ്പര്യം പറയുന്നത്. ഗബ്രിയേൽ മാലാഖയുടെ ദൂതിനെ സ്ക്കറിയാ സംശയിച്ചപ്രകാരം ഒരു പ്രവചന സന്ദേശത്തെ ശെമവൂൻ സംശയിച്ചു; ഹസിച്ചു "കണ്ടാലും കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും." ഈ വാക്യം വായിക്കവെ, അദ്ദേഹം പുച്ഛമായി ചിരിച്ചു. അപ്പോൾ ശിക്ഷാരൂപത്തിലെന്നോണം അദ്ദേഹത്തിന് ഒരു അരുളപ്പാടുണ്ടായി. "കന്യകയുടെ പുത്രനെ കാണുവോളം നീ മരിക്കയില്ല." വർഷങ്ങൾ അഞ്ഞൂറോളം കഴിഞ്ഞു. കാലത്തികവിൽ പ്രസ്തുത പ്രവചനം നിവൃത്തിയായി. മറിയം എന്ന കന്യക ഒരു പുത്രനെ പ്രസവിച്ചു.

ആ കന്യക പുത്രനെ എടുത്തു കൊണ്ടു ദൈവാലയത്തിലേക്കു വന്നു. കണ്ടാലും കന്യക പുത്രനുമായിവരുന്നു എന്നു പരിശുദ്ധറൂഹാ അദ്ദേഹത്തിനു മുന്നറിവു കൊടുത്തു. ആ ആത്മനിയോ

പൈതലായ യേശുവിനെ മായൽത്തോദിവസം, മാർ യൗസേപ്പും, വി. കന്യകമറിയാമും മാത്രമല്ല ശെമവൂനും, ഹന്നായും കർത്താവിനു കാഴ്ചയർപ്പിച്ചു. എന്തൊന്നു കൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്ന് അത്യുന്നതമായ ദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു" (മീഖാ 6:6) എന്ന് ഭക്തന്മാർ ചിന്തിക്കുന്നു.

ഗത്താൽ അദ്ദേഹം ദൈവാലയത്തിലേക്കു ചെന്നു. കന്യകയിൽ നിന്നും അദ്ദേഹം ശിശുവിനെ ആദരപൂർവ്വം വാങ്ങി സ്വർഗ്ഗത്തിലേക്കു കണ്ണുകളും ശിശുവിനെ വഹിച്ചിരുന്ന കൈകളും ഉയർത്തി. "ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രയേലിന്റെ മഹത്വവും ആയ രക്ഷയെ എന്റെ കണ്ണുകൾ കണ്ടിരിക്കയാൽ ഇപ്പോൾ നാഥാ, തിരുവചനം പോലെ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കേണമേ" എന്ന് ദീർഘമായ ജീവിതംവന്ന ആ വയോവൃദ്ധൻ പ്രാർത്ഥിക്കുകയും കന്യകമറിയാമിനെയും, യൗസേപ്പിനെയും അനുഗ്രഹിക്കുകയും ചെയ്തു. രക്ഷ യേശു തന്നെയാണ് എന്നു വൃദ്ധൻ സൂചിപ്പിച്ചതു പ്രത്യേകം ശ്രദ്ധാർഹമാണ്. ഞാൻ യേശുവിലും യേശു എന്നിലും എന്ന വിശുദ്ധ സംസർഗ്ഗത്തോടെയുള്ള ജീവിതാവസ്ഥയത്രെ സത്യമാകുന്നു. അതു കൂദാശാപരമായി അനുഭവിക്കുന്നതിനുള്ള മാർഗ്ഗം വി. കുർബ്ബാനയുമാകുന്നു.

പൈതലായ യേശുവിനെ ദർശിക്കുന്നതിനുള്ള സൗഭാഗ്യം ഹന്നാ എന്ന വൃദ്ധയ്ക്കും സിദ്ധിച്ചു. അവൾ ഏകദേശം നൂറ്റിപ്പത്തു വയസ്സു ചെന്നവളും എൺപത്തിനാലുവർഷം വൈധവ്യവിധേയയും ആയ ഒരു പരമഭക്തയായിരുന്നു. അവൾ

ശേഷം 30-ാം പേജിൽ




**KOSHY C.T. ALEYAMMA KOSHY**
**RYAL RUBLE, RUBLE DANIEL**
**SHINA RUBLE, SHANU KOSHY & YOHAN KOSHY**
**Dimapur, Nagaland**


Ponnamma Kozhenchery


Sunil


Seema


A Well Wisher Bhopal


Kurian Trivandrum


Mathunni & Family Jabalpur




Moly Cherian Meenthalakkara

Molsy Thykoodam, Thekkemala


ലേഖനം

# കേരള ക്രിസ്ത്യാനികളും മാർത്തോമ്മായും

**തോമസ് പോൾ, മുള്ളനിക്കാട്**

*പല തട്ടിൽ നിൽക്കുന്ന കേരളീയ ക്രിസ്ത്യാനികളെ സംബന്ധിച്ച് മർത്തോമ്മാ ശ്ലീഹായുടെ പൈതൃകം അവസരോചിതമായി എല്ലാവരും അവകാശപ്പെടുന്നെങ്കിലും ബോധപൂർവ്വം അതിനെ പിൻപറ്റുന്നവർ ചുരുക്കമാണ്. എല്ലാ തർക്കങ്ങൾക്കും അപ്പുറം നമുക്കു ഉയർത്തിപ്പിടിക്കേണ്ടത് മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യമാണ്. മാർത്തോമ്മാ പൈതൃകം അവഗണിക്കപ്പെടുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികളെ സംബന്ധിച്ച് ശ്വാസം പോലെ അവരിൽ രൂഢമൂലമാകേണ്ടത് ഈ പൈതൃകമാണ്.*

"അവനോടുകൂടി മരിപ്പാൻ നാമും പോക" എന്ന് പറഞ്ഞ കർത്തൃശിഷ്യനായ മാർത്തോമ്മായ്ക്ക് കേരളത്തിലെ ക്രിസ്ത്യാനികൾ കൊടുത്തിരിക്കുന്ന പ്രാധാന്യം വിശകലനം അർഹിക്കുന്നു. മാർത്തോമ്മായുടെ പാരമ്പര്യവും പട്ടത്വ പിൻതുടർച്ചയും കേരളത്തിലെ മിക്കവാറും എല്ലാ ക്രിസ്ത്യാനികൾക്കും അവകാശപ്പെടാം. അവർക്കതിനു മനസുണ്ടെങ്കിൽ. പക്ഷെ പലരുടെയും ഇപ്പോഴുള്ള വേരുകൾ പലയിടത്തായതിനാൽ ഇതൊക്കെ ചില നേരങ്ങളിൽ പൊങ്ങച്ചത്തിനു പറയുമെന്നല്ലാതെ ചരിത്രത്തെ അവ്യക്തമായി വിട്ടേക്കാനാണ് താല്പര്യം.

എ.ഡി. 52 ൽ മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു. പകലോമും, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ ബ്രാഹ്മണ കുടുംബങ്ങളെയും മറ്റു പലരേയും ക്രിസ്ത്യാനികളാക്കുകയും ആരാധനാ ക്രമങ്ങളും ചട്ടങ്ങളും പട്ടത്വവും നൽകി ഒരു സഭ സ്ഥാപിക്കുകയും ചെയ്തു. ഏഴു പള്ളികളെങ്കിലും സ്ഥാപിച്ചു. അതിനുശേഷം ചോളമണ്ഡലത്തിലേക്കുപോയി അവിടെയും തീവ്രമായ വേലകൾ ചെയ്തു. എന്നാൽ തദ്ദേശിയരായ ബ്രാഹ്മണരുടെ വിരോധം മൂലം കുന്തമേറ്റ് എ.ഡി. 72 ൽ മരിച്ചു. മൈലാപ്പൂരിൽ അടക്കപ്പെട്ടു. ഇതൊക്കെ ഏറെക്കുറെ എല്ലാവരും അംഗീകരിക്കുന്ന ചരിത്രമാണ്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ ഭൂരിഭാഗവും കൈവശം വയ്ക്കുന്ന കത്തോലിക്കാസഭ അവരുടെ വേരുകൾ റോമിലായതിനാൽ ഇതിനൊന്നും അർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നില്ല. കയ്യൂക്കു കൊണ്ടും, അതതുകാലത്തെ ഭരണവർഗ്ഗത്തെ സ്വാധീനിക്കാൻ കഴിഞ്ഞതു കൊണ്ടും ഈ പുരാതന ദേവാലയങ്ങൾ അവരുടെ കയ്യിലാണ്. സാരമില്ല. സാമൂതിരി പറഞ്ഞതുപോലെ "അവർക്ക് മുളകുകൊടിത്തണ്ടല്ല കൊണ്ടുപോകാൻ കഴിയൂ.. തിരുവാതിര." ആ പാരമ്പര്യം കൊണ്ടുപോകാൻ കഴിയില്ലല്ലോ. നവീകരണസഭക്കാർക്കൊന്നും പാരമ്പര്യത്തിൽത്തന്നെ വിശ്വാസമില്ല.

**മലങ്കരസഭ**

പീഡകൾ സ്വന്തം വിശ്വാസത്തിൽ നിന്നു തന്നെ ഇത്രയേറെ സഹിച്ച മറ്റു സഭകൾ ചുരുക്കമാണ്. ഈ പിഡകൾക്കൊക്കെ എതിരെ ഉറച്ചു നിന്നുപോരാടിയ പല വിശുദ്ധന്മാരും നമ്മുടെ സഭയിലുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ചിന്തിക്കുമ്പോൾ അവരെടുത്ത പല നിലപാടുകളും പിൽക്കാലത്ത് ദോഷമായി ഭവിച്ചിട്ടുണ്ടെന്നു കാണാം.

പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് അധിനിവേശത്തിനു മുമ്പ് കാര്യമായ വിദേശബന്ധമൊന്നു നമ്മുടെ സഭക്കുണ്ടായിരുന്നില്ല.

**മെനസീസ്**

1594 ൽ ആർച്ച് ബിഷപ്പ് മെനസിന്റെ കയ്യൂക്കും കുതന്ത്രങ്ങളും കൊണ്ട് ഉദയംപേരൂർ സുന്നഹദോസിൽ റോമർ നുകത്തിനു കിഴിലാക്കപ്പെട്ട മലങ്കര സഭ 54 വർഷം ആ അടിമത്വത്തിൽ കഴിഞ്ഞ ശേഷമാണ് കൂനൻകുരിശിൽ പിടിച്ചു സത്യം ചെയ്ത് ആ നുകത്തിൽ നിന്നും വിട്ടുപോയത്. പക്ഷെ വലിയൊരു കൂട്ടത്തെ അതിനടിയിൽത്തന്നെ വിട്ടുപോന്നിട്ടായിരുന്നു ആ രക്ഷപെടൽ.

**സി. എം. എസ്. മിഷനറിമാർ**

ക്രിസ്തുവിലുള്ള സ്നേഹം ഒന്നു മാത്രമായിരുന്നു സി. എം. എസ്. മിഷനറിമാരെ നമ്മുടെ സഭയിൽ പ്രവർത്തിക്കുവാനും സെമനാരിയും സഭയും ചിട്ടപ്പെടുത്തുന്നതിൽ അവരുടെ സഹകരണം സ്വീകരിക്കുവാനും നമ്മെ പ്രേരിപ്പിച്ചത്. അവരുടെ പ്രവർത്തനം മൂലം ആദ്യമൊക്കെ ഉന്മേഷം പ്രാപിച്ച സഭയ്ക്ക് കാലക്രമത്തിൽ അവരുടെ ദുഷ്ടലാക്ക് മനസിലാകുകയും മാവേലിക്കര പടിയോലയിൽ കൂടി വീണ്ടുമൊരു പിളർപ്പും മുറിവും ഏൽക്കേണ്ടിവരികയും ചെയ്തു.

**നവീകരണക്കാർ – മാർത്തോമ്മാസഭ – അന്ത്യോഖ്യൻബന്ധം**

ശേഷം 10-ാം പേജിൽ

# വൈദിക ശുശ്രൂഷ: സാദ്ധ്യതകൾ സംബന്ധിച്ച ചോദ്യാവലി

ബഹു: വൈദികരും, താല്പര്യമുള്ള സഭാംഗങ്ങളും ഈ ചോദ്യാവലി പൂരിപ്പിച്ച് **പ്രൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, പി. ബി. 98, കോട്ടയം -1, കേരള, പിൻ. 686001** എന്ന വിലാസത്തിൽ അയപ്പാൻ താല്പര്യപ്പെടുന്നു.

1. ഇടവകശുശ്രൂഷയല്ലാതെ, വൈദികർക്ക് മുഴുവൻസമയവും പ്രവർത്തിക്കാവുന്ന മേഖലകൾ ഏതൊക്കെ?

2. മേല്പറഞ്ഞവയിൽ ഏറ്റവും പ്രധാനമായി തോന്നുന്ന ഒന്നോ രണ്ടോ മേഖലകളേവ?

3. ഇപ്പോൾ ചൂണ്ടിക്കാണിച്ച മേഖല(കളിൽ) നിയോഗിക്കപ്പെടുന്ന വൈദികന്റെ പ്രധാനചുമതലകൾ എന്തായിരിക്കണം?

4. മേല്പറഞ്ഞ ചുമതലകൾ നിർവഹിക്കുവാൻ തക്കവണ്ണം പ്രസ്തുത വൈദികന് ലഭിക്കേണ്ട പ്രത്യേക പരിശീലനം എന്തായിരിക്കണം?

5. മേല്പറഞ്ഞ പ്രത്യേക പരിശീലനം വൈദികസെമിനാരി കരിക്കുലത്തിൽ ഉൾപെടുത്തിയാൽ മതിയോ അതോ വൈദിക സെമിനാരി പരിശീലനത്തിനു ശേഷം ക്രമീകരിക്കുന്നതാണോ ഉത്തമം?

6. ഇത്തരത്തിൽ പ്രവർത്തനസജ്ജരാക്കുന്ന വൈദികർ, ഏതെങ്കിലും ഭദ്രാസനമെത്രാപ്പോലീത്തായുടെ കീഴിലായിരിക്കണമോ? അതോ സഭാകേന്ദ്രത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കണമോ പ്രവർത്തിക്കേണ്ടത്?

7. വൈദിക വിദ്യാർത്ഥികൾ ഒരു വർഷത്തെ പ്രായോഗിക പരിശീലനം നേടുവാൻ സാധിക്കുന്ന പരിശീലനകേന്ദ്രങ്ങൾ ഏവ?

8. വൈദിക വിദ്യാർത്ഥികൾക്ക് രണ്ടോ മൂന്നോ മാസം വീതം രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതാണോ, ഒരു വർഷം മുഴുവൻ ഒരു സ്ഥലത്തു തന്നെ പരിശീലനം ലഭിക്കുന്നതാണോ ഉത്തമം?

9. വലിയ ഇടവകകളിൽ വൈദികരെ സഹായിക്കാൻ വൈദിക വിദ്യാർത്ഥികളെ നിയോഗിക്കുന്നത് സ്വാഗതാർഹമാണോ? അങ്ങനെ നിയോഗിക്കപ്പെടുന്നവർക്ക്, ഒരു അലവൻസ് പള്ളികളിൽ നിന്ന് കൊടുക്കുവാൻ ആവശ്യപ്പെടാവുന്നതാണോ?

10. സഭയ്ക്കു മുഴുവനായി ഒരു വൈദികനിയമ/സ്ഥലമാറ്റ/പെൻഷൻ/സർവീസ് സ്കീം ഉണ്ടാകുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?

◆

## മലങ്കരസഭമാസികയുടെ ആയുഷ്ക്കാല വരിക്കാരുടെ ശ്രദ്ധയ്ക്ക്

മലങ്കരസഭാ മാസികയുടെ ആയുഷ്ക്കാല വരിക്കാർ എന്ന നിലയിൽ നിങ്ങൾ മാസികയ്ക്ക് നൽകുന്ന പിന്തുണയും പ്രോത്സാഹനവും നന്ദിയോടെ സ്മരിക്കുന്നു. പുതിയ ആയുഷ്ക്കാല വരിക്കാരാകുവാൻ പലരും താല്പര്യം കാണിക്കുന്നതിനെയും ഞങ്ങൾ മനസിലാക്കുന്നു. എന്നാൽ ആയുഷ്ക്കാല വരിക്കാർ എന്ന നിലയിൽ ലഭിച്ചിട്ടുള്ള തുകയുടെ വാർഷിക പലിശ കൊണ്ട് ചെലവു വഹിക്കുവാൻ സാധിക്കാത്ത അവസ്ഥയായിരിക്കുന്നു. പോസ്റ്റേജ് വർദ്ധന, പേപ്പർ വില വർദ്ധന, മറ്റ് ചെലവുകളുടെ വർദ്ധന എന്നിവ താങ്ങാവുന്നതിൽ അധികമായിരിക്കുന്നു. എങ്കിലും നഷ്ടം സഹിച്ചും ആയുഷ്ക്കാല വരിക്കാരോട് നീതി കാട്ടുവാൻ ശ്രമിക്കുകയാണ്. മറ്റു പല പ്രസിദ്ധീകരണങ്ങളും ആയുഷ്ക്കാല വരിക്കാരോട് വാക്കു പാലിക്കാൻ പറ്റാതെ നിർത്തിവച്ചതും കാലാവധി പത്തുവർഷമായി പരിമിതപ്പെടുത്തിയതും നമുക്കറിയാം. ഈ സാഹചര്യത്തിൽ മലങ്കരസഭാ എഡിറ്റോറിയൽ ബോർഡ് ഈ വിഷയത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയുണ്ടായി. പ്രസ്തുത കാര്യത്തിൽ ഞങ്ങളുടെ തീരുമാനങ്ങൾ അറിയിക്കട്ടെ.

1) ആയുഷ്ക്കാല വരിക്കാരായി പുതിയ ആരെയും ചേർക്കുന്നതല്ല.

2) ആയുഷ്ക്കാല വരിക്കാരുടെ വരിസംഖ്യാ കാലാവധി 2001 ജനുവരി മുതൽ പന്ത്രണ്ടു വർഷമായിരിക്കും.

3) പന്ത്രണ്ടുവർഷം കഴിഞ്ഞവർക്ക്, വിവരങ്ങൾ അവരെ അറിയിച്ചിട്ട്, മാസികയ്ക്ക് ലാഭം ഉണ്ടായില്ലെങ്കിലും നഷ്ടം ഉണ്ടാകാത്തവിധത്തിൽ, സാമ്പത്തിക സഹകരണം ലഭിക്കുന്നതനുസരിച്ച് തുടർന്നും മാസിക അയയ്ക്കുക.

ഈ തീരുമാനപ്രകാരം, ആയുഷ്ക്കാല വരിക്കാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ഞങ്ങൾ മനസിലാക്കുന്നു. എങ്കിലും മാസികയെ സ്നേഹിക്കുന്ന ആയുഷ്ക്കാലവരിക്കാർ ഉണർന്ന് സഹകരിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ആയുഷ്ക്കാലവരിസംഖ്യ മുഴുവൻ അതേപടി ബാങ്കിൽ നിക്ഷേപിക്കുവാൻ ശ്രദ്ധിച്ചതു കൊണ്ടാണ്, ഇങ്ങനെയെങ്കിലും ഈ വിഷയം കൈകാര്യം ചെയ്യുവാൻ സാധിക്കുന്നത്. ഈ കത്തിനോടുള്ള അനുകൂല പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട്,

ദേവലോകം
01-01-2001

ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ
പ്രസിഡന്റ്, പത്രാധിപസമിതി
മലങ്കരസഭ, ദേവലോകം



പുസ്തകവിചാരം

# കുടുംബനിധി കുടുംബവേദി

ഐ. സി. തമ്പാൻ, ഡി.വൈ.എസ്.പി., കോട്ടയം

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വിഭാഗം പ്രിയപ്പെട്ടവർക്ക് സമ്മാനിക്കുവാനായി ക്രമീകരിക്കുന്നതാണ് കുടുംബനിധി.

വിവാഹം, പിറന്നാൾ, ഗൃഹപ്രവേശനം, പരീക്ഷയിൽ വിജയം, ഷഷ്ഠിപൂർത്തി, സപ്തതി അങ്ങനെ ഏത് അവസരത്തിലും കൊടുക്കുവാൻ തയ്യാറാക്കിയതാണ് കുടുംബനിധി. ഇതിൽ വേദപുസ്തകം, വി. കുർബ്ബാന ക്രമം, നമസ്ക്കാരക്രമം, കുടുംബാരാധന ക്രമം പെരുനാൾ ശുശ്രൂഷാക്രമം, വിശ്വാസ പഠന ലഘു ലേഖകൾ ഫാ. റ്റി. ജെ. ജോഷ്വായുടെ കുടുംബവേദി എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയ്ക്ക് എല്ലാം കൂടി 200 രൂപമാത്രമാണ് വില.

കുടുംബനിധി ഗിഫ്റ്റ് പാക്കറ്റിലെ ആകർഷകമായ ഒരു ഗ്രന്ഥമാണ് കുടുംബവേദി. ആധുനിക ക്രിസ്തീയ കുടുംബ ജീവിതം ധന്യമാക്കുന്നതിനുള്ള രൂപ രേഖയാണിത്. ദീർഘകാലത്തെ അജപാലന ശുശ്രൂഷയുടെ വിജയത്തിൽ കുടുംബ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള കൗൺസലിങ്ങ് മാതൃകകളാണ് കുടുംബ വേദിയിൽ രൂപപ്പെടുത്തിയിരിക്കുന്നത്.

ബഹു. റ്റി. ജെ. ജോഷ്വാ അച്ചന്റെ "കുടുംബവേദി" എന്ന ഗ്രന്ഥം കുടുംബജീവിതം നയിക്കുന്നവർക്ക് ഹാൻഡ് ബുക്കായി പ്രയോജനപ്പെടും. കുടുംബ ജീവിതത്തിന്റെ വിവിധ വശങ്ങൾ ലളിത സുന്ദരമായി പത്ത് അദ്ധ്യായങ്ങളിൽ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. കുടുംബത്തെ വേദപുസ്തക വെളിച്ചത്തിലും ഓർത്തഡോക്സ് ആരാധന ക്രമങ്ങളുടെ പശ്ചാത്തലത്തിലും വിശദമായി അപഗ്രഥിക്കുന്നു. വിവാഹ കൂദാശയുടെ വിശകലനം ഏറെ ആകർഷകമാകുന്നു.

കുടുംബ ജീവിതത്തിന്റെ ആദ്ധ്യാത്മീക വശങ്ങൾക്കൊപ്പം ധനം സമ്പാദിക്കുന്നതിലും ചെലവാക്കുന്നതിലും പുലർത്തേണ്ട ക്രിസ്തീയ മാനദണ്ഡവും കാര്യവിചാരകത്വവും (stewardship) ക്രിസ്തീയ ജീവിതത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതിന്റെ ബോധ്യം ഉളവാക്കുന്നു.

കുടുംബജീവിതത്തിലേക്ക്. പ്രവേശിക്കുന്നവർക്ക് മാത്രമല്ല ദീർഘകാലമായി കുടുംബജീവിതം നയിക്കുന്നവർക്കും ഈ കൃതി ഒരു മാർഗ്ഗ ദീപമാണ്. എന്റെ കുടുംബജീവിതത്തെക്കുറിച്ച് ആത്മ പരിശോധന നടത്തുന്നതിനും വിലയിരുത്തുന്നതിനും ഫാ. റ്റി. ജെ. ജോഷ്വാ അച്ചന്റെ ഗ്രന്ഥം സഹായിച്ചു. കുടുംബ ജീവിതത്തിന്റെ സർവ്വ വശങ്ങളെയും ആഴമായി സ്പർശിക്കുന്ന ഉത്തമ ഗ്രന്ഥമാണ് കുടുംബവേദി.

കുടുംബ ജീവിതത്തിന് ആദ്ധ്യാത്മിക അനുഭവങ്ങൾ ലഭ്യമാക്കുന്നതിന് ഉപകരിക്കുന്ന ഗ്രന്ഥങ്ങളാണ് എം. ഒ. സി. യുടെ ഗിഫ്റ്റ് പായ്ക്കറ്റിലുള്ള ഓരോ ഗ്രന്ഥവും.

സഭാ വിശ്വാസ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും എന്തെന്ന് വിശദീകരിക്കുന്ന നിരവധി വിശ്വാസ പഠനങ്ങളും, ആരാധനാജീവിതത്തിൽ പങ്കു ചേരുന്നതിന് ആവശ്യം വേണ്ട എല്ലാ ആരാധനാക്രമങ്ങളും വി. വേദപുസ്തകവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ടവർക്ക് ഉപഹാരമായി സമർപ്പിക്കാവുന്ന ഏറ്റവും ശ്രേഷ്ഠമായ ഒന്നാണിത്. അതിനാൽ ഇതിനെ കുടുംബനിധി എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ലോകപ്രകാരമുള്ള നിധികൾ താൽക്കാലികമാണ്. സ്വർഗ്ഗീയമായ നിധി കുടുംബ ബന്ധങ്ങളിൽ അനുഭവിച്ചറിയുവാൻ സഹായിക്കുന്ന പ്രൗഢമായ പഠനങ്ങളുടെ സമാഹാരമാണ് കുടുംബനിധിയിൽ ചേർത്തിരിക്കുന്നത്.

പ്രത്യേക സന്ദർഭങ്ങളിൽ കുടുംബനിധി സമ്മാനമായി നൽകുവാൻ കഴിയുന്ന ഏറ്റവും മികച്ച ഉപഹാരമാണ് എന്നതിൽ സംശയമില്ല.

നമ്മുടെ സഭാംഗങ്ങൾ കുടുംബനിധി സമ്മാനമായി നൽകുവാൻ പ്രത്യേകം ശ്രദ്ധിച്ചാൽ അത് വളരെ പ്രയോജനകരമായിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല ●



OOMMEN THOMAS
&
FAMILY
LUDHIANA, PUNJAB

*7-ാം പേജിൽ നിന്നു തുടർച്ച*

പാലക്കുന്നത്ത് ഏബ്രഹാം മൽപ്പാന്റെ നവീകരണ പ്രസ്ഥാനവും അതിന്റെ പ്രജയായ മാത്യൂസ് മാർ അത്താനാസ്യോസും, രാഷ്ട്രീയ സ്വാധീനത്താൽ മലങ്കര സഭയെ ദീർഘനാൾ കൈവശം വച്ചു. തെറ്റുകൾ തിരുത്തുവാനായി അന്ന് നാം കയ്ക്കൊണ്ട നടപടിയാണ് സഭയ്ക്ക് ഏറ്റം ദേഷം ചെയ്തത്. അന്ത്യോക്യയുമായി ഇല്ലാത്ത ബന്ധങ്ങളുടെ വ്യാജരേഖകളുണ്ടാക്കിയാണെങ്കിലും നവീകരണക്കാരിൽ നിന്നും പാരമ്പര്യങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞു. പക്ഷെ അതിലും വലിയ കെണിയിലാണ് നാം അകപ്പെട്ടത്.

നവീകരണ കയ്യേറ്റക്കാരിൽ നിന്നു നമ്മെ രക്ഷിക്കാനെത്തിയ അയൽക്കാരൻ രക്ഷാനടപടിക്കു ശേഷം വീട്ടിലെ കാരണവരാകുന്ന കാഴ്ചയാണ് പിന്നീടു കാണുന്നത്. നന്ദിയോടെ എന്നും സ്മരിക്കേണ്ട അയൽക്കാരനായി മാന്യമായി പിൻമാറാൻ അവർ മുതിരാഞ്ഞത് മുൻകയ്യേറ്റക്കാരിൽ നിന്നും അവരെ വ്യത്യസ്ഥരല്ലാതാക്കി. സ്വന്തം ലാവണങ്ങളിൽ കാൽക്കീഴിലെ മണ്ണ് ചോർന്ന സാഹചര്യമാകാം ഈ വില കുറഞ്ഞ നടപടിക്കവരെ പ്രേരിപ്പിച്ചത്.

കാര്യങ്ങളെ നേരാവണ്ണം നോക്കിക്കാണണം എന്നുള്ളവർ പിൻതിരിഞ്ഞു നോക്കണം. നമ്മുടെ പാരമ്പര്യവും മാർത്തോമ്മാശ്ലീഹായുടെ പിൻതുടർച്ചയും ആരുടെ മുന്നിലും തലയുയർത്തി പിടിക്കാൻ പോന്നതാണ്. മുമ്പുണ്ടായിട്ടുള്ള അപജയങ്ങളുടെ കാരണം മനസിലാക്കണം. നമ്മുടെ നൈസർഗ്ഗീയമായ അലസതയും ദ്രാവിഡന്റെ അടിമത്വസ്വഭാവവും (സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കും) വെടിയണം. കേസിലും കോടതി വിധി മൂലമുണ്ടായിട്ടുള്ള നേട്ടങ്ങളിലും ഉന്നതമാണ് മർത്തോമ്മാശ്ലീഹായുടെ പിൻതുടർച്ച. അത് കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനം കോടതി മൂലം അംഗീകരിക്കപ്പെട്ടതിലും ഏറെ വിലപ്പെട്ട പാരമ്പര്യമാണ്. ആ പാരമ്പര്യം കുടുംബചരിത്രമെഴുതുമ്പോൾ മാത്രം തുറന്നു നോക്കേണ്ട കാര്യമല്ല. മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യത്തിൽ വിശ്വാസമുള്ള ഏതൊരു കേരള ക്രിസ്ത്യാനിയും ധൈര്യമായി പറയണം–ഞാൻ 2000 വർഷത്തെ ക്രിസ്തീയ പാരമ്പര്യമുള്ള മലങ്കരയിലെ ക്രിസ്ത്യാനിയാണ്. ഞാനതിൽ അഭിമാനത്തോടെ തുടരുന്നു. അല്ലെങ്കിൽ എനിക്ക് കൂടുതൽ താല്പര്യം തോന്നിയ വിശ്വാസങ്ങളിലേക്ക് ഞാൻ സ്വയം നടന്നു പോയി.

മലങ്കര സഭയുടെ സ്വയം ശീർഷകത്വ സ്വഭാവം മാർത്തോമ്മാശ്ലീഹായുടെ പിൻതുടർച്ചാ പാരമ്പര്യത്തിൽ അധിഷ്ടിതമാണ്. കോരുവലയുമായി പലരും ചെന്ന് കോരിയിട്ടും അന്യം നിൽക്കാത്ത ഒരു സഭ ഇന്നു നിലനിൽക്കുന്നു.

ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ പ്രചരിപ്പിക്കുന്നതിനും ആത്മാവിൽ ബലപ്പെടുത്തുന്നതിനും നമ്മുടെ സഭയുടെ ചട്ടകൂടിൽ നിന്നുകൊണ്ടു തന്നെ നമുക്കു കഴിയണം. നമ്മുടെ പാരമ്പര്യവിശ്വാസങ്ങൾക്ക് വിപരീതമായി ആരൊക്കെ വന്നു പറഞ്ഞാലും അതു ദൈവനാമത്തിലാണെങ്കിൽ പോലും അവൻ ശാപം ഏൽക്കേണ്ടവനാണെന്നു നാം മനസിലാക്കണം.

കേസും വഴക്കും കണ്ട് ഇതിലെ സത്യങ്ങളും ന്യായാഅന്യായങ്ങളും കാണാൻ നിൽക്കാതെ ഇളക്കങ്ങളിൽ ആകൃഷ്ടരാവുന്ന സാധുക്കളെപ്പറ്റിയും നാം ശ്രദ്ധയുള്ളവരായിരിക്കണം. നമ്മുടെ പാരമ്പര്യത്തേയും വിശ്വാസങ്ങളെക്കുറിച്ചും ശരിയായി പഠിപ്പിക്കുവാൻ ഒന്നിനും പോലും സമയം തികയാത്ത പട്ടക്കാരും നേതാക്കന്മാരും കുറഞ്ഞ പക്ഷം ആശ്രമ ശിക്ഷണം ലഭിച്ചിട്ടുള്ള വന്ദ്യ വൈദീകരെങ്കിലും ശ്രദ്ധ വെച്ചെങ്കിൽ. ●

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ക്രമാതീതമായി വർദ്ധിച്ചുവരുന്ന അച്ചടിക്കൂലി. കടലാസ് വില അനുബന്ധ സാധനങ്ങളുടെ വില എന്നിവ നിമിത്തം മലങ്കരസഭ മാസികയുടെ വരിസംഖ്യയും പരസ്യനിരക്കും വർദ്ധിപ്പിക്കുവാൻ നിർബന്ധിതരായിട്ടുണ്ട്. മാന്യവായനക്കാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

പത്രാധിപർ

## വരിസംഖ്യ

**ഇന്ത്യയിൽ**

ഒറ്റപ്രതി : 6 രൂപ
ഒരു വർഷം : 60 രൂപ
5 വർഷം : 300 രൂപ
10 വർഷം : 600 രൂപ.

***വിദേശത്തേക്ക്***

ഒരു വർഷം : 15 ഡോളർ (യു.എസ്.)

## 2001 ജനുവരി മുതലുള്ള പരസ്യ നിരക്കുകൾ

| | |
|---|---|
| Back Page (Colour) | 10000 |
| Back page (B/W) | 5000 |
| Front Inside | 3750 |
| Back Inside | 3500 |
| Full page | 3000 |
| Half page | 1750 |
| Quarter page | 1250 |
| Minimum | 750 |
| Favours Block (Stamp Size) | 300 |



# ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി–682 308

## റോമാ ലേഖനം (അദ്ധ്യായം 1,2)

***ചോദ്യങ്ങൾ***

1) പുതിയ നിയമത്തിലെ മറ്റെല്ലാ ഗ്രന്ഥങ്ങളുടെ താക്കോലായും, ക്രിസ്തീയ സിദ്ധാന്തങ്ങളുടെയും അളവ് കോലായും റോമാലേഖനത്തെ കരുതുന്നത് ഏത് സഭാവിഭാഗക്കാർ ആണ്.

2) ഓർത്തഡോക്സ്സഭ സുവിശേഷങ്ങളെക്കാൾ ഉപരിയായ സ്ഥാനം റോമാ ലേഖനത്തിന് കൊടുക്കുന്നുണ്ടോ?

3) ഏതു ഭാഷയിലാണ് വി. പൗലോസ് ഈ ലേഖനം എഴുതിയത്

4) പൗലോസ് ആരാണെന്നാണ് റോമാക്കാർക്ക് പരിചയപ്പെടുത്തുന്നത്?

5) റോമിലെ വിശ്വാസികളെ വി. പൗലോസ് എങ്ങനെയാണ് സംബോധന ചെയ്തിരിക്കുന്നത്.?

6) സർവ്വലോകത്തിലും പ്രസിദ്ധമായിരുന്ന റോമിലെ വിശ്വാസികളുടെ ശ്രേഷ്ഠത എന്തായിരുന്നു?

7) സുവിശേഷത്തിന്റെ പരമ പ്രശസ്തിയെ വിളംച്ചറിയിക്കുന്ന പൗലോസിന്റെ വാക്യം ഉദ്ധരിക്കുക?

8) നീതിമാൻ വിശ്വാസത്താൽ ജീവിക്കും "എന്ന ഉദ്ധരണി എവിടെ നിന്ന് എടുക്കുന്നതാണ്.

9) സത്യ കുമ്പസാരത്തിന് ഒരുങ്ങുമ്പോൾ വായിക്കുവാൻ ഉള്ള വേദഭാഗം ഈ അദ്ധ്യായത്തിലുള്ളത് എവിടെ എന്ന് ചൂണ്ടിക്കാണിക്കുക?

10) മനുഷ്യൻ ദൈവകോപത്തിന് പാത്രമാകുന്നത് എങ്ങനെ?

11) ദൈവം നിത്യ ജീവൻ കൊടുക്കുന്നത് എങ്ങനെയുള്ളവർക്കാണ്

## വി. യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

***ഉത്തരം***

1) ഗായോസിനെ (V:1)

2) പെർഗാമിയിലെ എപ്പിസ്ക്കോപ്പാ ആയിരുന്നു.

3) V.2 നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

4) ഗായോസ് സത്യത്തിൽ തന്നെ നടക്കുന്നു എന്ന് മറ്റുള്ളവർ സാക്ഷ്യം പറഞ്ഞത് (V: 4)

5) ആ സഭയിലേയ്ക്ക് കടന്നു ചെന്ന സഞ്ചാര സുവിശേഷകർ (V:5) ൽ പറയുന്ന സഹോദരന്മാർ (അതിഥികൾ)

6) പ്രാദേശിക സഭയുടെ മൂപ്പൻ (നേതാവ്)

7) ദെമത്രിയോസ് (V:12)

8) നന്മയല്ലാതെ തിന്മ അനുകരിക്കരുത് (V: 11)

9) സുവിശേഷകരെയും അതഥികളെയും സൽക്കരിക്കുക. (V:8)

10) ലേഖനമെഴുതുന്ന ആളുടെ സഭയിലെ അംഗങ്ങളെയാവാം സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നത്.

### നവം. ലക്കം ചോദ്യങ്ങളുടെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുകൾ

1) Mrs. Alice Abraham, Anthariathu, Coimbatore-11
2) Nidhi Samuel, Mannukalayil Samvilla, Pandalam.
3) Ms.Moly Mathew, Naranganam.
4) Ms. Annamma Mathai, XIII /70, Netaji Rd, Aluva
5) Ms. Yasmine George, Pauthaplackal, Aluva-1
6) Mr. Jaimon M.P; Meecheril, Mammalassery- 686663
7) Ms. Simi Daniel, Mallassery

# അമ്മയുടെ നന്മ പുത്രന്റെ ഉയർച്ച

*അഡ്വ. ജീ. കോശി. അഞ്ചൽ*

രാജാക്കന്മാരുടെ രണ്ടാം പുസ്തകം 22-ാം അദ്ധ്യായത്തിൽ നാം യോശിയാ രാജാവിനെ കുറിച്ച് വായിക്കുന്നു. കേവലം 8 വയസുള്ളപ്പോഴാണ് അദ്ദേഹം സിംഹാസാരൂഢനായത്.

യോശിയാ തികച്ചും ബാലനായിരുന്നു. ഈ കിശോര രാജാവിന് ദൈവഭയമുള്ള ഉപദേശകരുണ്ടായിരുന്നു എന്ന് സ്പഷ്ടം. ഒന്നാമത് യോശിയായുടെ മാതാവ് യദിദ തന്നെ. അവർ ദൈവഭയമുള്ള, വിവേകമുള്ള, ബുദ്ധിശാലിനിയായ ഒരു സ്ത്രീരത്നമായിരിക്കണം. വേദപുസ്തകത്തിൽ യോശിയായുടെ അമ്മ യദിദ ആയിരുന്നു എന്നേ പ്രസ്ഥാവമുള്ളു. അവരുടെ ഗുണഗണങ്ങളെക്കുറിച്ചോ, മറ്റ് കഴിവുകളെക്കുറിച്ചോ വേദപുസ്തകം മൗനമവലംബിച്ചിരിക്കയാണ്. വ്യാഖ്യാനത്തിനു വേണ്ടി കൂടുതലൊന്നും പറയാത്തതായിരിക്കാം.

യോശിയായെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. തന്റെ അപ്പന്റേയും വല്യപ്പന്റേയും വഴിവിട്ട് പൂർവ്വ പിതാവായ ദാവീദിന്റെ വഴിയിൽ കൂടി സഞ്ചരിക്കാനാണ് ബാലൻ തല്പരനായത്. ദാവീദിന്റെ വഴി വിട്ട് ഇടത്തോട്ടൊ വലത്തോട്ടൊ ചായാൻ ബാലൻ താല്പര്യം കാണിച്ചില്ല. ഈ തീരുമാനത്തിന്റെ പിന്നിൽ പ്രബലമായ ഒരു പ്രേരണാശക്തി - അതെ, സ്വന്തം മാതാവിൽ നിന്ന് വഴിഞ്ഞൊഴുകിയ സ്നേഹോദിതമായ പ്രേരണ-ശാസന-നിയോഗം-വഴികാട്ടൽ-ലക്ഷ്യബോധം-യോശിയായ്ക്കുണ്ടായിരുന്നിരിക്കണം, എല്ലാ കാര്യങ്ങളിലും അമ്മയെ ആശ്രയിക്കുന്നത് ബാലസഹജമായ സ്വഭാവ വിശേഷമാണല്ലൊ.

യോശിയായുടെ പതിനെട്ടാം ആണ്ടിൽ ദേവാലയത്തിന്റെ പുതുക്കിപ്പണികൾ ആരംഭിച്ചു. (യെറുശലേം ദേവാലയം ആക്രമിക്കപ്പെട്ടും കേട് പാടുകൾ സംഭവിച്ചും കിടക്കയായിരുന്നു.) കൊട്ടാരം രായസക്കാരനായ ശാഫാനെ വിളിച്ച് യോശിയാ കല്പിച്ചു. നീ പോയി ഹിൽക്കിയാ പുരോഹിതനെ കാണണം. ദേവാലയത്തിൽ വരവുള്ള ദ്രവ്യത്തിന്റെ കണക്ക് നോക്കിമിച്ചമിരിപ്പുള്ള ദ്രവ്യം മുഴുവൻ ദേവാലയത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന ജോലിക്കാരെ ഏല്പിക്കണം. ദ്രവ്യം ഏറ്റുവാങ്ങുന്നവരോട് കണക്ക് ചോദിക്കേണ്ട; അവർ വിശ്വാസത്തിന്മേലല്ലൊ പ്രവർത്തിക്കുന്നത്.

രാജാവിന്റെ കല്പന ശാഫാൻ ഹിൽക്കിയാവിനെ അറിയിച്ചു. ഹിൽക്കിയാമിന് മറ്റൊരു സന്തോഷ വാർത്തയായിരുന്നു രാജാവിനെ അറിയിക്കാനുണ്ടായിരുന്നത്. ദേവാലയത്തിലെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് പണി നടത്തിക്കൊണ്ടിരുന്നപ്പോൾ ന്യായപ്രമാണപുസ്തകം കണ്ട് കിട്ടിയിരുന്നു. ശേഫാൻ സന്തോഷ വാർത്ത രജാവിനെ അറിയിച്ചു. യഹൂദാമതത്തിന്റെ ജീവനാഡിയായിരുന്നു ന്യായപ്രമാണ പുസ്തകം നഷ്ടപ്പെട്ടത് കണ്ട് കിട്ടിയപ്പോൾ യോശിയാരാജാവിന് സന്തോഷമായിരുന്നൊ ദുഃഖമായിരുന്നൊ എന്ന് വ്യക്തമല്ല. ഏതായാലും അദ്ദേഹം തരളിത ഹൃദയനായി എന്ന് തുടർന്നുള്ള വേദഭാഗങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

അദ്ദേഹം ഉടൻ തന്നെ ഹിർക്കിയാ പുരോഹിതൻ ഉൾപ്പെടെ ഒരു ഉത്തരാധികാരസമിതിയെ വിളിച്ചുകൂട്ടി അവരോട് കല്പിക്കുന്നു. "നിങ്ങൾ പോയി യഹോവയുടെ അരുളപ്പാട് കേൾപ്പീൻ; ചോദിപ്പീൻ. എന്താണ്. അക്കാലത്തും അതിന് മുമ്പും പ്രവാചക ദൗത്യം എബ്രായ ചരിത്രത്തിലുടനീളം ആധിപത്യം പുലർത്തിയിരിക്കുന്നതായി വായിക്കുന്നു. ദൈവം നേരിട്ട് സംസാരിച്ചത് മോശയോട് മാത്രമേയുള്ളൂ. മറ്റ് പ്രവാചകന്മാർക്ക് സ്വപ്നത്തിലൂടെയും ദർശനത്തിലൂടെയും ദൈവം അവർക്ക് വെളിപ്പെടുകയും ആവശ്യപ്രകാരമോ അല്ലാതെയോ (സ്വമേധയായിട്ടൊ) പ്രവാചകന്മാർ ദൈവഹിതം വെളിപ്പെടുത്തുകയുമായിരുന്നു പതിവ്. ഏശയാ; യറമിയാ; ആമോസ് അങ്ങനെ യോവേൽ പ്രവാചകൻ വരെ ഒരു നീണ്ടനിരയെ നമുക്കു കാണാൻ കഴിയും.

യോശിയാ നിയമിച്ച ഉത്തരാധികാര സമിതി ഹൂൽദാ എന്ന പ്രവാചകിയെ അന്വേഷിച്ചു പോയി. ശല്ലും എന്നയാളിന്റെ ഭാര്യയായിരുന്നു ഹൂൽദാ. ഇവർ പ്രവാചകിയെ കണ്ട് ദൈവത്തിന്റെ അരുളപ്പാട് ചോദിച്ചു. അവർ വിശദമായ വ്യാഖ്യാനം പറഞ്ഞുകൊടുത്തു. തന്റെ കല്പനകളേയും ചട്ടങ്ങളേയും വിധികളേയും അവഗണിച്ച് തനിക്ക് വിരോധമായി നഗളിച്ചു നടക്കുന്ന യഹൂദ ജാതിയുടെ മേൽ ദൈവം നടപ്പാക്കാനിരിക്കുന്ന ശിക്ഷാവിധിയുടെ കാഠിന്യം സംശയലേശം കൂടാതെ അവർ വ്യാഖ്യാനിച്ചു കേൾപ്പിച്ചു. ഒടുവിൽ അവർ മറ്റൊരു കാര്യം കൂടി കൂട്ടിച്ചേർത്തു. അത് യോശിയാ രാജാവിനെ മാത്രം സ്പർശിക്കുന്നതായിരുന്നു. "ഈ സ്ഥലത്തിനും നിവാസികൾക്കും വിരോധമായുള്ള ദൈവത്തിന്റെ വചനങ്ങളെ കേട്ടപ്പോൾ നിന്റെ ഹൃദയം അലിഞ്ഞു. നീ നിന്നെത്തന്നെ താഴ്ത്തി. നിന്റെ വസ്ത്രം കീറി; കരഞ്ഞു അതുകൊണ്ട് നിന്റെ അപേക്ഷ ഞാൻ കേട്ടിരിക്കുന്നു. ഞാൻ നിന്നെ നിന്റെ പിതാക്കന്മാരോട് ചേർത്തുകൊള്ളും. നീ സമാധാനത്തോടെ നിന്റെ കല്ലറയിൽ അടക്കപ്പെട്ടും ഞാൻ ഈ സ്ഥലത്തിനും നിവാസികൾക്കും വരുത്തുവാനിരിക്കുന്ന അനർത്ഥമൊന്നും നിന്റെ കണ്ണുകൊണ്ട് കാണാനിടവരികയില്ല.

യോശിയാരാജാവ് ദേവാലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനിടയ്ക്ക് ഒരു ശുദ്ധീകരണം കൂടി നടത്തിയതായി 23-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. സർവ്വപ്രതിഷ്ഠകളും അദ്ദേഹം വലിച്ചു ദൂരെയെറിഞ്ഞു. ബലിമന്ദിരങ്ങളും പ്രതിമകളും തച്ചുടച്ച് ഇല്ലായ്മ ചെയ്തു. പൂജാഗിരികളും സൂര്യസ്തംഭവും മറ്റും തല്ലിപ്പൊട്ടിച്ച് നിലം പരിശാക്കി. യോശിയാരാജാവിനെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:- അവനെ പോലെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ മോശയുടെ ന്യായപ്രമാണ പ്രകാരമൊക്കെയും യഹോവയിങ്കലേക്ക് തിരിഞ്ഞ ഒരു രാജാവ് മുമ്പുണ്ടായിട്ടില്ല; പിമ്പ് ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല.

തന്റെ പൂർവ്വ പിതാവായ ദാവീദ് രാജാവിന്റെ വഴികളിൽ കൂടി അല്പവും വ്യതിചലിക്കാതെ സഞ്ചരിക്കണമെന്ന് ദൃഢനിശ്ചയം ചെയ്ത യോശിയാവിന്റെ ജീവിതത്തിൽ നിന്ന് നമുക്ക് ഉൾക്കൊള്ളാനുള്ള ഏതാനും കാര്യങ്ങളുണ്ട്.

1) യദദിന്റെ (മാതാവിന്റെ) നല്ലശിക്ഷണത്തിലും വാത്സല്യപൂർണ്ണമായ സ്വീധീനത്തിലും വിവേകപൂർവ്വമായ പ്രേരണയിലും ബാലനായ യോശിയായെ നയിക്കുവാൻ ആ മാതാവിന് കഴിഞ്ഞു. മക്കളെ ശിക്ഷണത്തിലും അച്ചടക്കത്തിലും ബോധത്തിലും ദൈവ വിശ്വാസത്തിലും വളർത്താൻ മാതാപിതാക്കളായ നമുക്ക് കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ, നാഥാ, സർവ്വശക്തനായ ദൈവമേ എന്റെ മക്കളെ നല്ല മനുഷ്യരായി വളർത്തിയെടുക്കാനുള്ള കഴിവ് എനിക്ക് തരേണമേ എന്ന് പ്രാർത്ഥിക്കാം.

2) ദൈവ നടത്തിപ്പിലുള്ള പരമമായ വിശ്വാസം. നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക; അവൻ അത് നിർവ്വഹിക്കും; എന്നല്ല ഭംഗിയായി നിർവ്വഹിക്കും. നിങ്ങൾ ചെന്ന് യഹോവയുടെ അരുളപ്പാട് ചോദിപ്പീൻ എന്നാണ് ഭരണയന്ത്രം കയ്യാളുന്ന-അധികാരവും പദവിയും, ശക്തിയും വഹിക്കുന്ന-രാജാവ് പറയുന്നത്. പ്രതിസന്ധികൾ, പ്രയാസങ്ങൾ, നിരാശകൾ, ആപത്തുകൾ, അപ്രതീക്ഷിതമായ സംഭവങ്ങൾ പലതും നമ്മുടെ ജീവിതത്തെ ഭീഷണിപ്പെടുത്താറുണ്ടല്ലൊ. അപ്പോഴെല്ലാം കലങ്ങിപ്പോകാതെ, കുലുങ്ങിപ്പോകാതെ നീ യഹോവയുടെ അരുളപ്പാട് ചോദിക്കാറുണ്ടൊ? സർവ്വശക്തന്റെ ഇഷ്ടം എന്താണെന്ന് അന്വേഷിക്കാറുണ്ടൊ? നീ സർവ്വവും അവങ്കൽ സമർപ്പിച്ച് പ്രത്യാശയോടു കൂടി കാത്തിരിക്കുക. അവൻ നിന്നെ കൈവിടുകയില്ല; ഒരുനാളും ഉപേക്ഷിക്കയുമില്ല.

3) കണ്ടെടുക്കപ്പെട്ട വിലപിടിച്ച രേഖ വായിച്ചുകേട്ടപ്പോൾ രാജാവ് തരളിത ഹൃദയനായി. ദൈവം നടപ്പാക്കാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് ബോധവാനായപ്പോൾ യോശിയാ ആർദ്ര ചിത്തനായി. ദൈവമേ! ഈ ശിക്ഷാവിധി ഈ ദേശത്തിന്റെ മേൽ ഈ നിവാസികളുടെ മേൽ നടപ്പാക്കരുതേ എന്ന് വിലപിച്ച് പ്രാർത്ഥിച്ചു. (2 രാജാ.22:19)

ഫലമൊ? നിന്റെ അപേക്ഷ ഞാൻ കേട്ടിരിക്കുന്നു. ഞാൻ നടപ്പാക്കാനിരിക്കുന്ന ശിക്ഷാ വിധിക്ക് യാതൊരു മാറ്റവുമില്ല. കാരണം, ഇസ്രയേൽ ജനത അത്രമാത്രം അവിശ്വസ്തമായും ധിക്കാരപരമായും പെരുമാറിക്കളഞ്ഞു. മിസ്രയിമിലെ അടിമയിൽ നിന്ന് വീണ്ടെടുത്ത് തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ എന്ന വിധം പരിപാലിച്ചു കൊണ്ടു വന്ന ജനത തങ്ങളുടെ രക്ഷിതാവിനെ അമ്പേ! ഉപേക്ഷിച്ചുകളഞ്ഞു. അതിനാൽ ശിക്ഷാവിധിക്ക് മാറ്റമൊന്നുമില്ല. എന്നാൽ ഇവയൊന്നും നിന്റെ കൺമുമ്പിൽ കാണാൻ നിനക്കിടവരികയില്ല. നീ സമാധാനത്തോടെകൂടി കല്ലറയിൽ അടയ്ക്കപ്പെടും. നിന്റെ പിതാക്കന്മാരോടുകൂടി ചേർത്തുകൊള്ളപ്പെടുകയും ചെയ്യും.

സമാധാനത്തോടുകൂടി കല്ലറയിൽ അടയ്ക്കപ്പെടുത്തുന്നതിന് എന്താണ് അത്യാപേക്ഷിതമായി വേണ്ടത്? വാർദ്ധക്യവും നരയുമുള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ എന്നുള്ള പ്രാർത്ഥന സങ്കീർത്തനത്തിൽ നാം വായിക്കുന്നു. നിന്റെ അകൃത്യങ്ങൾ രക്താംബരം പോലെ ചുവന്നതായാലും അവയെ ഹിമം പോലെ വെൺമയാക്കാൻ മനസ്സലിവുള്ള ദൈവത്തിന്റെ മുമ്പിൽ അനുതാപമുള്ള ഹൃദയം, പശ്ചാത്താപമുള്ള ഹൃദയം ഉണ്ടായിരിക്കണം. പാപങ്ങൾ ഏറ്റുപറഞ്ഞ് വീണ്ടും തെറ്റ് ചെയ്യുകയില്ല എന്ന ഉറച്ച തീരുമാനമെടുക്കണം. ഇതത്രേ സമാധാനത്തിനുള്ള വഴി!. ■





PAPPACHAN K.Y.
AMMINI PAPPACHAN
SAMSON K. PAPPACHAN
SIBY & BINOY
Plot No.498/1, Sharon Park
Sector-12, Gandhi Nagar

# ഭർത്താവിന്റെ വിശ്വാസത്തിലേക്കു ഭാര്യയെ അടുപ്പിക്കുവാൻ എന്തു ചെയ്യണം?

**ഫാ. ഒ. തോമസ്**

*ചോദ്യം:*

*എന്റെ വിവാഹം കഴിഞ്ഞിട്ട് മൂന്നു വർഷമായി. എന്റെ ഭാര്യ മറ്റൊരു സഭയിൽ ജനിച്ചു വളർന്നയാളാണ്. ഇപ്പോഴും അവൾക്ക് ആ സഭയോടും അതിലെ രീതികളോടുമാണ് ഇഷ്ടം. നമ്മുടെ പ്രാർത്ഥനയിലും, ആരാധനയിലുമൊക്കെ സംബന്ധിക്കുമെങ്കിലും അതൊക്കെ ഒരു പേരിനു മാത്രമായി ചെയ്യുന്നു എന്നാണ് എനിക്കു തോന്നുന്നത്. ഈ കാര്യത്തിൽ എനിക്ക് വളരെ അസ്വസ്ഥതയുണ്ട്. ഇതെപ്പറ്റി അവളോടു തുറന്നു പറഞ്ഞിട്ടുണ്ട്. എന്നാലും കാര്യമായ മാറ്റമൊന്നും കാണുന്നില്ല. ഇനി ഞാൻ എന്തു ചെയ്യണം?*

ബാബു തിരുവല്ല

വിവാഹ ജീവിതത്തിലെ പൊരുത്തപ്പെടലുകളിൽ വിശ്വാസത്തിനുള്ള സ്ഥാനം ആരും ഗൗരവമായി എടുക്കാറില്ല. ഭൗതിക സാഹചര്യങ്ങളിലുള്ള ചേർച്ചയാണ് മിക്കവരും പ്രധാനമായ മാനദണ്ഡമായി സ്വീകരിക്കുന്നത്. ആ കൂട്ടത്തിൽ സാമ്പത്തികം തന്നെ പ്രധാന ഘടകം. ഒരുമിച്ചു ജീവിക്കാൻ തുടങ്ങുമ്പോഴാണ് സാമ്പത്തികത്തിനപ്പുറമുള്ള പല ഘടകങ്ങളെക്കുറിച്ചു തിരിച്ചറിയാൻ തുടങ്ങുന്നത്. അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിഞ്ഞു കൂടാത്തതിനാൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. മറ്റൊരു സഭയിൽ നിന്ന് പങ്കാളിയെ എടുക്കുമ്പോൾ സ്വഭാവികമായും അവർക്ക് അവരുടെ പൈതൃകത്തോട് ഒരു ബന്ധമുണ്ടായിരിക്കണമെന്നുള്ളത് അതിന്റെ എല്ലാ അർത്ഥത്തിലും മനസ്സിലാക്കണമായിരുന്നു. വ്യക്തിത്വ രൂപീകരണത്തിൽ വിശ്വാസത്തിനുമൊക്കെ ശക്തമായ സ്വാധീനമുണ്ടാകുന്നത് ബാല്യകാല പരിശീലനത്തിലാണ്. ആ സമയത്ത് ആളത്തത്തിൽ കോറിയിട്ട പ്രമാണങ്ങളെ അത്ര വേഗത്തിൽ ലംഘിക്കാൻ ആർക്കും കഴിയുകയില്ല. വിവാഹം കഴിഞ്ഞു എന്നുള്ളതുകൊണ്ട്, പെട്ടെന്ന് മാറ്റിയെടുക്കാവുന്ന നിലയിലല്ലാ ഓരോരുത്തരുടെയും വിശ്വാസവും ധാരണയും. ഈ കാര്യം നിങ്ങൾ നേരത്തെ തന്നെ മനസ്സിലാക്കണമായിരുന്നു. അതുപോലെ നിങ്ങളുടെ ഭാര്യയും വേറൊരു സഭയിലെ വ്യക്തിയെ ഭർത്താവായി സ്വീകരിച്ചപ്പോൾ ഭർത്താവിന്റെ സഭയിലെ രീതികളുമായി പൊരുത്തപ്പെടുവാനുള്ള ഒരു മാനസിക നില സൃഷ്ടിച്ചെടുക്കണമായിരുന്നു. നമ്മുടെ സമൂഹത്തിൽ ഭാര്യ ഭർത്താവിന്റെ വീട്ടിലേക്കു പോകുന്ന സമ്പ്രദായം സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ മാറ്റം അനുപേക്ഷണീയമാണ്. അത്തരത്തിലുള്ള മാറ്റം അവൾക്കും വന്നിട്ടില്ലായിരിക്കാം. വിവാഹത്തിനു വേണ്ടി ഒരുങ്ങുമ്പോൾ തന്നെ ഈ കാര്യങ്ങളെല്ലാം ചിന്തിച്ചു മനസ്സിലാക്കേണ്ടതായിരുന്നു. അതൊന്നും സാധിക്കാത്ത സ്ഥിതിയിൽ തൽക്കാലം ചെയ്യാവുന്ന കാര്യങ്ങളിലേക്കു ശ്രദ്ധപതിപ്പിക്കുക.

ഭാര്യയുടെ നിലപാടു മാറുവാൻ കുറെക്കൂടി സമയം അനുവദിക്കുക. ചെറുപ്പത്തിൽ പരിചയിച്ച കാര്യങ്ങളെ അത്രവേഗം മറക്കാനാവാത്തത് അവളുടെ ഒരു തെറ്റായി ചിന്തിക്കാനോ വ്യാഖ്യാനിക്കാനോ ഇടവരരുത്. തന്നെയുമല്ല ഇതേപ്പറ്റി സംസാരിച്ച് വാദപ്രതിവാദമുണ്ടാക്കി നിങ്ങൾ തമ്മിൽ കൂടുതൽ മാനസികമായി അകലാനും ഇടയാകരുത്. നിങ്ങൾ തമ്മിലുള്ള മാനസിക ഐക്യം വർദ്ധിപ്പിക്കാനാണ് ഇപ്പോൾ കൂടുതൽ ശ്രദ്ധിക്കേണ്ടത്. പങ്കാളിയുടെ പൈതൃക വിശ്വാസത്തിൽ കൂടി അവൾക്കു ലഭിച്ചിരിക്കുന്ന നല്ല കാര്യങ്ങളെ അംഗീകരിക്കാനും വേണ്ടിവന്നാൽ പുകഴ്ത്തുവാനും ശ്രമിക്കണം. നമ്മുടേതിലേക്കു കൊണ്ടുവരാനുള്ള വ്യഗ്രതയിൽ അവരുടെ വിശ്വാസത്തെ പുച്ഛിക്കാനും ചെറുതാക്കാനും തുടങ്ങിയാൽ അവർ അതിനെ കൂടുതൽ മുറുകെ പിടിക്കാനേ ഇടയാക്കുകയുള്ളു. വിശ്വാസം ആരുടെമേലും അടിച്ചേൽപ്പിക്കേണ്ടതല്ല. നിങ്ങളുടെ സ്നേഹവും, കരുതലും അംഗീകാരവുമൊക്കെയാണ് അവരുടെ മനോനിലയിൽ മാറ്റങ്ങൾ വരുത്തുന്നത്. വിശ്വാസത്തിന് ഒരു വ്യക്തിപരമായ തലവും, പാരസ്പരികതയുടെ അഥവാ സാമൂഹികതയുടെ തലവുമുണ്ട്. ഇപ്പോൾ ഈ രണ്ടാമത്തെ തലത്തിന് ഊന്നൽ കൊടുക്കുക. പേരിനു മാത്രമെങ്കിലും പ്രാർത്ഥനയിലും ആരാധനയിലും സംബന്ധിക്കുവാൻ അവർ താല്പര്യം കാട്ടുന്നല്ലോ. അതിന്റെ അർത്ഥം ഭർത്താവിന്റെ വിശ്വാസത്തോട് ഇഴുകിച്ചേരാൻ അവർ ശ്രമിക്കുന്നു എന്നാണ്. വിശ്വാസത്തിലൂടെ എല്ലാവരും എത്തിച്ചേരേണ്ട ഒരു തലമുണ്ട്. അത് ആഴമേറിയ നിരുപാധിക സ്നേഹമാണ്. അത് നിങ്ങൾ, ഭാര്യയ്ക്കു നൽകാൻ സാധിച്ചാൽ ആ തലത്തിലേക്കു നിങ്ങളെ ഉയർത്തിയ വിശ്വാസത്തിന്റെ തലങ്ങളിലേക്കും അവർ പതുക്കെ ചേർന്നുകൊള്ളും. ◆




*For Favours Received:-*

**M.M. Varghese**
**Ponnamma Varghese**
**Lali,**
**Lali Saji,**
**Biju & Beena**
Guwahati - Assam

*With Best Compliments From:-*

**ABRAHAM K.P.**
**&**
**FAMILY**
C.P. W.D; BAMUNI MAIDAN
GUWAHATI, ASSAM






## തുമ്പമൺ ഏറം സെന്റ് ജോർജ്ജ് പള്ളി:
### *ദൈവാലയ കൂദാശയും ശതാബ്ദിയാഘോഷവും*

പത്തനംതിട്ട: തുമ്പമൺ ഭദ്രാസനത്തിലെ മാത്തൂർ, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ പുതുക്കിപ്പണിത ദൈവാലയ കൂദാശയും ശതാബ്ദിയാഘോഷവും 2001 ജനു 27 ശനി മുതൽ ഫെബ്രു 4 ഞായർ വരെ വിവിധ പരിപാടികളോടെ നിർവ്വഹിക്കും.

2-ാം തീയതി വെള്ളിയാഴ്ച 3 മണിക്ക് പൊതുസമ്മേളനം ശതാബ്ദി ഉത്ഘാടനം, സ്മരണിക പ്രകാശനം

6 മണിക്ക് ദൈവാലയ കൂദാശയുടെ ഒന്നാം ഭാഗം, 3-ാം തീയതി ശനിയാഴ്ച വി. മൂന്നിന്മേൽ കുർബ്ബാന, കൂദാശയുടെ രണ്ടാം ഭാഗം, സമൂഹ സ്നേഹവിരുന്ന്.

വൈകിട്ട് 7 മണിക്ക് പൂഞ്ഞാർ നവധാര അവതരിപ്പിക്കുന്ന ഗാനമേള.

സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

അഭിവന്ദ്യ മെത്രാപ്പോലീത്താമാരായ ഫിലിപ്പോസ് മാർ യൗസേബിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ പ്രധാന കാർമ്മികത്വം വഹിക്കും.

പരിപാടികളുടെ വിജയകരമായ നടത്തിപ്പിലേക്ക്, റവ. ഫാ. ഇടിക്കുള ദാനിയേൽ ചന്ദനപ്പള്ളി (വികാരി & പ്രസിഡന്റ്)

ശ്രീ. കെ.ജി. ജോർജ്ജ് (ട്രസ്റ്റി)

ശ്രീ. വി. കെ. ബേബി (സെക്രട്ടറി)

ശ്രീ. സി. എം. തോമസ് (നിർമ്മാണ കൺവീനർ)

ശ്രീ. ജോർജ്ജ് ദാനിയേൽ (ജന. കൺവീനർ)

എന്നിവരടങ്ങുന്ന വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## ബെൽവുഡിൽ പരുമല തിരുമേനിയുടെ നാമത്തിൽ ദേവാലയ കൂദാശയും പെരുനാളും

ചിക്കാഗോ: മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ ചിക്കാഗോയിൽ ബെൽവുഡിൽ വാങ്ങിയ ദേവാലയത്തിന്റെ കൂദാശയും, പെരുനാളും ഒക്ടോബർ 27,28,29 തീയതികളിൽ സഘോഷം നടത്തപ്പെട്ടു. അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനി പ്രധാന കാർമ്മികത്വം വഹിച്ചു.

ശനിയാഴ്ച രാവിലെ 8 മണിക്കു പ്രഭാതനമസ്ക്കാരം നടത്തി. തുടർന്നു കൂദാശയുടെ പ്രധാനഭാഗം നടത്തപ്പെട്ടു. വി. കുർബ്ബാനയ്ക്കു ശേഷം അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം ആരംഭിച്ചു.

**ഉപ്പാണ്ടിമാപ്ല** — **റോണി, കോടുകുളഞ്ഞി**



പരിസ്ഥിതിയുടെ ആത്മീയത – VII

# മനുഷ്യൻ പ്രകൃതിയുടെ ഭാഗം (തുടർച്ച)

പ്രൊഫ. കെ. പി. ജോയി

പരിണാമത്തിന്റെ മകുടമെന്നും, "വിവേകശാലിയായ ജീവി" (Homo sapiens) എന്നും വിശേഷിപ്പിക്കപ്പെടുന്ന ആധുനിക മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നു സ്വയം അംഗീകരിക്കുന്നില്ല എന്നതാണ് അടിസ്ഥാന പ്രശ്നം. വിശേഷബുദ്ധിയും കഴിവുമുള്ള ഒരു ബാഹ്യശക്തിയാണ് താനെന്ന വിശ്വാസം പ്രകൃതിയുടെമേൽ ആധിപത്യം പുലർത്താനും നിയന്ത്രിക്കാനും, കീഴടക്കാനും അവനെ പ്രേരിപ്പിച്ചു. വികസനത്തിനും പുരോഗതിക്കും വേണ്ടി പ്രകൃതിയുമായി മല്ലടിച്ചും വിഭവങ്ങളെ ചൂഷണം ചെയ്തും താൽക്കാലികമായി വിജയിച്ചാൽ തന്നെ ആത്യന്തികമായി പരാജിതരുടെ പട്ടികയിൽ സ്ഥാനം പിടിക്കുമെന്നു പരിസ്ഥിതി ശാസ്ത്രം നൽകുന്ന പുതിയ പാഠം അവൻ പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.



"മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ മറ്റുഭാഗങ്ങളെപ്പോലെതന്നെ പരമാണുക്കളുടെ ഒരു ആകസ്മിക സമുച്ചയമാണ്. മനുഷ്യനും മണ്ണും തമ്മിലുള്ള വ്യത്യാസം അവയുടെ തെറ്റിദ്ധാരണ ഉളവാക്കുന്നു ബാഹ്യ ആകൃതിയിൽ കൂടുതലായൊന്നുമില്ല." (ഇ. എ. ഷൂമാക്കർ: "സ്മോൾ ഈസ് ബ്യൂട്ടിഫുൾ", 1970). പ്രകൃതി വസ്തുക്കൾ-മണ്ണും, മരവും, വെള്ളവും, വായുവും ആഹാരവും എല്ലാം ഉപയോഗിച്ചാണ് മനുഷ്യൻ ജീവിക്കുന്നതും വളരുന്നതും. അതുകൊണ്ട് ഭൂമി എന്ന വലിയ ജീവിയുടെ ഒരു ചെറിയ ഭാഗമാണ് മനുഷ്യൻ (He is a microcosm after the model of the macrocosm)

1982-ൽ യു. എൻ. ജനറൽ അസംബ്ലിയിൽ 'വേൾഡ് ചാർട്ടർ ഫോർ നേച്ചർ' (World Charter for Nature) അംഗീകരിക്കപ്പെട്ടു മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നും പ്രകൃതിയെ മാറ്റി നിറുത്തി മനുഷ്യനെക്കുറിച്ചു ചിന്തിക്കാൻ സാദ്ധ്യമല്ല എന്നും സുപ്രധാനമായ ഈ രേഖയിൽ അസന്നിഗ്ദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജീവൻ നിലനിൽക്കുന്നത് പ്രകൃതി വസ്തുക്കളുടെ അന്യോന്യമുള്ള സഹവർത്തിത്വത്തിലും പ്രതിപ്രവർത്തനത്തിലുമാണ്. എല്ലാം ഒരു വലയുടെ കണ്ണിപോലെ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പ്രകൃതിയുമായി സഹവർത്തിത്വത്താൽ ജീവിക്കാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്.

ഈ പ്രമേയം മതങ്ങളുടെ കാഴ്ചപ്പാടിലും മാറ്റം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ മാത്രം ആത്മീയതയെ ഒതുക്കി നിറുത്തിയിരുന്ന വിശ്വാസത്തിൽ ഈശ്വരസൃഷ്ടിയായ പ്രകൃതിക്കുള്ള പങ്കിനെ പൂർണമായും വിസ്മരിക്കപ്പെട്ടിരുന്നു. ഭൗതികശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു നിർജ്ജീവസംവിധാനമല്ല, മറിച്ച് ജൈവ-അജൈവഘടകങ്ങൾ ഇഴുകിചേർന്ന് അന്യോന്യം വേർതിരിക്കാനാവാത്ത ഒരു സംമ്പൂർണ ജീവിയാണ് ഭൂമി എന്ന സിദ്ധാന്തം ഈ പുത്തൻ ആത്മീകതയ്ക്ക് കരുത്തേകുന്നു. മനഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികളിലും അന്തർലീനമായിരിക്കുന്ന ദൈവീകാംശം തേടിയുള്ള അന്വേഷണം, മനുഷ്യനും ഭൗതികലോകവും എന്നതിലുപരി, മനുഷ്യനെയും പ്രകൃതിയെയും സൃഷ്ടിച്ച ദൈവവുമായുള്ള അത്യുൽകൃഷ്ട ബന്ധത്തിന്റെ പൂർണതയിലേക്കു നമ്മെ നയിക്കുന്നു. അതുകൊണ്ടുതന്നെ വേർതിരിക്കാനാവാത്തവിധം പ്രകൃതിയുമായി ഇഴുകി ചേർന്നിരിക്കുന്ന ഒരു കണ്ണിയായയാണ് മതങ്ങൾ മനുഷ്യനെ കാണേണ്ടത്.

മനുഷ്യനെ പൂഴിയിൽ നിന്ന് സൃഷ്ടിച്ചു എന്നതുകൊണ്ട് തന്നെ ഭൂമിയും മനുഷ്യനുമായി അടിസ്ഥാനപരമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് (ഉല്പ. 2:7) വേദപുസ്തകം സമർത്ഥിക്കുന്നു. മരണശേഷവും മനുഷ്യൻ ഭൂമിയുടെ ഭാഗമായിത്തീരുന്നു. "മനുഷ്യാ നീ മണ്ണാകുന്നു. നീ മണ്ണിലേക്കു തിരികെപ്പോകുന്നു" (ഉല്പത്തി. 3:19) എന്ന അരുളപ്പാട് മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നു സമത്ഥിക്കുന്നു. ഏദൻ തോട്ടത്തിൽ കൃഷി ചെയ്യാനും കാപ്പാനും ദൈവം ആദാമിനോടു കല്പിച്ചത് മനുഷ്യൻ ഭൂമിയുമായി കടപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ആധുനിക പരിസ്ഥിതി നിർവ്വഹണത്തിന്റെ അടിസ്ഥാനതത്വവും ഇതായിരിക്കണം. ഭൂതലത്തിൽ കഴിയുന്ന ഒരു സാധാരണ ജീവിയായല്ല, മറിച്ചു ബോധപൂർവ്വവും നൈസർഗികവുമായും പ്രകൃതിയുടെ ഭാഗമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവെന്നാണ് സൃഷ്ടിയുടെ ആത്മീയത നമ്മേ പഠിപ്പിക്കുന്നത്.

ആധുനിക പരിസ്ഥിതി വേദശാസ്ത്രജ്ഞന്മാരിലെ ഏറ്റവും ചൊടിപ്പിക്കുന്ന ചിന്തകൻ എന്ന് ന്യൂസ് വീക്ക് വിശേഷിപ്പിച്ച തോമസ് ബെറി തന്റെ 'ഡ്രീം ഓഫ് ദ എർത്ത് (1990)' എന്ന ഗ്രന്ഥത്തിൽ പറയുന്നു. "ജീവനുള്ള ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ് മനുഷ്യൻ എന്ന വസ്തുത നാം മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഈ പുതിയ അറിവ് നമുക്കു നമ്മെക്കുറിച്ചും സൃഷ്ടിയുമായുള്ള ബന്ധത്തെക്കുറിച്ചും ദൈവത്തെ നാം മനസ്സിലാക്കുന്ന വഴികളെക്കുറിച്ചും മാത്രമല്ല, ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയിലും വിപ്ലവകരമായ പ്രത്യാഘാതങ്ങളാണുണ്ടാക്കുന്നത്. ഈ പ്രപഞ്ചത്തെക്കുറിച്ചു പണ്ടുമുതലേ നാം വച്ചു പുലർത്തുന്ന 'പഴയകഥ' സമകാലീന സമൂഹത്തിന്റെ നിലനിൽപ്പിനാധാരമായ വസ്തുക്കളെ സാധൂകരിക്കുന്നതിന് അപര്യാപ്തമാണ് എന്നദ്ദേഹം സമർത്ഥിക്കുന്നു. ഈ പോരായ്മമൂലമാണ് ഈ സമൂഹത്തിന്റെ രൂപത്തെയും, പ്രവർത്തനത്തെയും മാത്രമല്ല, കോടാനുകോടി വർഷങ്ങളിലെ പരിണാമപ്രക്രിയയിലൂടെ ഉരിത്തിരിഞ്ഞുവന്ന ഈ ഗ്രഹത്തിന്റെ രാസഭൗതിക ഘടനയെയും ഭൂഗർഭ സംവിധാനത്തെ തന്നെയും മാറ്റിമറിക്കുന്നതിനും വിനാശത്തിന്റെ വക്കിലെത്തിക്കുന്നതിനും മനുഷ്യവർഗ്ഗത്തെ പ്രേരിപ്പിച്ചത്. ഭൂമിയേയും സൃഷ്ടിയേയും ഈശ്വരനേയും കുറിച്ചുള്ള 'പുതിയ കഥ'യാവട്ടെ അവ തമ്മിലുള്ള സൃഷ്ടിപരമായ ബന്ധത്തിന്റെ ഒരു നൂതന അദ്ധ്യായമാണെന്നദ്ദേഹം വാദിക്കുന്നു. 'ബയോക്രസി' എന്ന പുതിയ ആശയമാണദ്ദേഹം അവതരിപ്പിച്ചത്. മനുഷ്യേതര ലോകത്തിലെ എല്ലാഘടകങ്ങളും ചൂഷണം ചെയ്യപ്പെടേണ്ട വസ്തുക്കളായല്ല, പിന്നയോ ഡമോക്രസിക്കു പകരം ബയോക്രസിയിലെ തീരുമാനങ്ങൾ എടുക്കേണ്ട പങ്കാളികളാണ്. ഈശ്വരൻ ഉൾപ്പെടെ എല്ലായിടത്തും എല്ലാം അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നു. സ്നേഹമാണീ ബന്ധത്തിനടിസ്ഥാനം. ഈ ഒരർത്ഥത്തിൽ ചലനാത്മകവും ഊർജശാലിയുമായ ആ വലിയ ശക്തി സൃഷ്ടിയിലെ ഓരോ അണുക്കൾ മുതൽ പ്രകൃതിയിലെ വലിയ സംഭവങ്ങളിൽ വരെ സ്വയം വെളിപ്പെടുത്തുന്ന സ്നേഹാധിഷ്ഠിത ബന്ധമാണീ പ്രപഞ്ചം. ഭൂമിയിൽ പതിക്കുന്ന സൂര്യകിരണങ്ങൾ ചൂണ്ടിക്കാട്ടി ദൈവത്തിന്റെ ഈ ദിവ്യ ഊർജത്തെ വിവരിക്കാൻ നിസ്സായിലെ ഗ്രിഗറിയെപ്പോലുള്ള വിശുദ്ധന്മാർ ശ്രമിച്ചിട്ടുണ്ട്. സൂര്യനിൽ നിന്നു തികച്ചും വിഭിന്നമാണ് പ്രകാശ കിരണങ്ങൾ എങ്കിലും സൂര്യൻ എല്ലാ ദിവസവും നമുക്കു വെളിപ്പെടുന്നതുപോലെ തന്റെ ദിവ്യോർജ പ്രഭാവത്തിലൂടെ പ്രപഞ്ച

> **ഏദൻ തോട്ടത്തിൽ കൃഷി ചെയ്യാനും കാപ്പാനും ദൈവം ആദാമിനോടു കല്പിച്ചത് മനുഷ്യൻ ഭൂമിയുമായി കടപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ആധുനിക പരിസ്ഥിതി നിർവ്വഹണത്തിന്റെ അടിസ്ഥാനതത്വവും ഇതായിരിക്കണം. ഭൂതലത്തിൽ കഴിയുന്ന ഒരു സാധാരണ ജീവിയായല്ല, മറിച്ച ബോധപൂർവ്വവും നൈസർഗികവുമായും പ്രകൃതിയുടെ ഭാഗമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവെന്നാണ് സൃഷ്ടിയുടെ ആത്മീയത നമ്മേ പഠിപ്പിക്കുന്നത്.**

ത്തിൽ സ്വയം വെളിപ്പെടുന്ന ദൈവത്തെ നേരിൽ സമീപിക്കുവാൻ നമുക്കു സാധിക്കുന്നു. നമുക്ക് അങ്ങനെ ഈ ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു. (വി. പത്രോസ് 1:4)

## ഗഹനപരിസ്ഥിതിവാദം (Deep Ecology)

1972 കാലഘട്ടത്തിൽ നോർവീജിയൻ തത്വചിന്തകനായ ആർനെ നെസ്സ് പ്രയോഗത്തിൽ കൊണ്ടുവന്ന ഒരു പദമാണ് ഡീപ്പ് ഇക്കോളജി അഥവാ ഗഹന പരിസ്ഥിതി വാദം. പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പുനർചിന്തയ്ക്കുള്ള ഒരു സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനമായി ഇതു കാലക്രമേണ വളർന്നുവന്നു. ഈ ചിന്താഗതി അനുസരിച്ച് പ്രകൃതിക്ക് അതിൽ തന്നെ അന്തർലീനമായിരിക്കുന്നതും വിലമതിക്കാനാവാത്തതുമായ ഒരു മൂല്യമുണ്ട് (Intrinsic value). അതുകൊണ്ട് പ്രകൃതിയെ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറുന്നതിനു സഹായിക്കുന്ന ഒരു സംവിധാനം എന്നതിനപ്പുറമായി സ്വതന്ത്രമായി വീക്ഷിക്കുകയും വില കൽപ്പിക്കുകയും ചെയ്യണം. മനുഷ്യന്റെ അതി പ്രധാനങ്ങളായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനല്ലാതെ ജൈവവൈവിധ്യത്തിന്റെ സമൃദ്ധിയെ ചൂഷണം ചെയ്യാനുള്ള അവകാശം മനുഷ്യനില്ല. മനുഷ്യൻ പ്രകൃതിയുടെ അഭേദ്യമായ ഭാഗമാണെന്നും അതുകൊണ്ടു പ്രകൃതിയുമായി രമ്യതയിൽ കഴിയാൻ അവനു സാധിക്കണമെന്നും അവർ വാദിക്കുന്നു.

മനുഷ്യന്റെ നിലനിൽപ്പിനാധാരമായ ഒരു സംവിധാനമെന്ന ചിന്തയുടെ പ്രേരണമൂലമല്ല പ്രകൃതി സംരക്ഷണം സാധിക്കേണ്ടത്. മറിച്ച് പ്രകൃതിക്കുള്ളിൽ ആദരിക്കപ്പെടേണ്ട ഒരു മൂല്യം ഉള്ളതുകൊണ്ടാണ് മലിനീകരണം പോലുള്ള വിനാശത്തെ തടയേണ്ടത്. അവ മനുഷ്യന്റെ സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുന്ന പ്രതിബന്ധങ്ങളായതുകൊണ്ടു മാത്രമാവരുത്. സാമ്പത്തിക വളർച്ചയ്ക്കപ്പുറമായി പ്രകൃതിയുടെ ആരോഗ്യകരമായ നിലനിൽപ്പ് എന്ന ഒരു മുൻഗണന ഉള്ളതുകൊണ്ടായിരിക്കണം. പ്രപഞ്ചത്തിലെ ജൈവഘടകങ്ങൾക്കു മാത്രമല്ല അജൈവഘടകങ്ങൾക്കും ചില അവകാശങ്ങ (right) ളുണ്ട്. അവയെല്ലാം ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം.

അടിസ്ഥാനപരമായ മാറ്റത്തിനായി ആഗ്രഹിക്കാതെ പ്രകൃതിസംരക്ഷണമെന്ന മുദ്രാവാക്യം മുഴക്കുന്ന ഉപരിപ്ലവപരിസ്ഥിതി വാദികൾ (Shallow ecologists) ക്കെതിരെ പ്രതികരിക്കാൻ ഗഹനപരിസ്ഥിതി വാദികളാഹ്വാനം ചെയ്യുന്നു. പ്രകൃതിസംരക്ഷണത്തിന് അട്ടിമറിയും ഭീകരപ്രവർത്തനവും വരെ ആകാമെന്നു വാദിക്കുന്ന പാശ്ചാത്യ പ്രസ്ഥാനങ്ങളും ഈക്കൂട്ടത്തിലുണ്ട്. അമേരിക്കയിലും പോളണ്ടിലും പ്രവർത്തിക്കുന്ന സീഷെപ്പേർഡ് (Sea Shepherd) എർത്ത് ഫസ്റ്റ് (Earth First) എന്നീ പ്രസ്ഥാനങ്ങൾ അത്തരത്തിൽ പെട്ടതാണ്.

*അടുത്തതിൽ "ഈ ഭൂമി ആരുടേതാണ്."*

semble at a place like the lawns of the Parumala Seminary sanctified by the foot-Prints of St. Gregorios, rededicate themselves in their faith in the transforming power of the blood of Chirst shed on Calvary and pray for peace and unity in the Church.

The Relevance of a Dialogue with an Agreed Agenda

Equally significant is the holding of a dialogue between the two sections of the Chruch on the basis of an agreed agenda with an open mind. Arbitration, adjudication and conciliation are the three time-tested techniques employed in conflict resolution. Arbitration is not acceptable to both sections. Adjudication is the most frequently resorted to process here, and the highest judicial body in the country has pronounced its final verdict in June 1995 leaving the onus of rapprochement to the parties concerned. All further attempts in the direction of achieving a settlement through the judiciary are of no avail as the judicial process has been completely exhausted with the June-1995-Judgment of the Honourable Supreme Court of India, except that the whole community of Malankara Orthodox Christians will stand discredited and humiliated before the entire nation. As per information available several rounds of talks have been held about the terms of peace, but not single dialogue has taken place so far for conciliation on the basis of an agreed agenda and hence this appeal. Here lies the positively significant, the unique role of the senior members of the Church in the process of peacemaking.

The Need for Courage, Wisdom and Flexibility in Peacemaking

Peacemaking is the responsibility of the Children of God. It has to be taken up by them as a duty entrusted by God and in a missionary spirit. Kofi Annan, in the course his address referred to above, said: "Courage, wisdom and flexibility are the key to the solution of all problems" Courage and wisdom come only from God. Turn to God and wait on him for courage and wisdom. From the days of Abraham the father of the faithful, who was told "Fear not Abram, I am thy shield and execeeding great reward" (Genesis 15:1) this assurance has been the source of the strength of all those who attempted and achieved great things for the Lord. Wisdom, not the ability to manoeuvre in the ways of the world, also has to come from the Lord. "The fear of the Lord is the beginning of wisdom" (Proverbs, 9:10). Blessed by courage and wisdom and acting with flexibility in approach, man becomes an instrument in the hands of God. Courage, wisdom and flexibility will bring about a lasing peace and unity in the Malankara Orthodox Church through the proposed dialogue.

There is no dearth of talents in this Church. There are among the sons of this Church persons holding positions similar to that of Kofi Annan in their respective areas of activity and capable of holding the highest positions even in international organisations. Their commitment to the Lord and loyalty to the Church are undeniable. There are, again, among the sons of this Church, Persons, by virtue of the positions they occupy in the public life of this country, eminently equipped to initiate the process of formulating an agreed agenda and arranging for a dialogue leading to peace and unity in the Church.

A Glorious Vision of Unity and Peace in the Church

Martin Luther King, the great African-American who died a martyr to the cause of Civil Rights in the United States and specially the rights of African-Americans used to say : "I have a dream". He dreamed the dream of liberated African-Americans enjoying full civil rights in the United States. Only people who see visions and dream dreams can build a glorious future. The Children of Malankara orthodox Church Should see the noble vision and dream the inspiring dream of a unified Malankara Orthodox Church dedicated to the divine mission of bearing witness to the crucified Christ in this great land. As Prophet joel wrote: "I will pour out my spirit up on all flesh, and your sons and your daughters shall prophesy, your old men shall dream dreams, your young man shall see visions (Joel 2:28). Let us pray that this great prophecy finds fulfilment today in Malankara Orthodox Church. Let us fervently hope for the early realization of this dream, trusting in the word of God: "Faith, hope and love abide (1 cor. 13:13)". In Habakuk 2:3 we read: "For the vision is yet (awaits-NIV) for an appointed time.... Though it tarry (linger-NIV) wait for it; because it will surely come, it will not tarry Let all the sons and daughters of the Malankara Orthodox Church see the vision of unity peace in the Church and dream the dream of a day when all assemble around one of the sacred shrines of the Church raising the prayer Kurielaison, Kurielaison - Kurielaison - unceasingly in one voice until the supreme head of the church opens up his mouth to say the benediction, blessing the people with the words **"Blessed are the peacemakers, for they shall be called the children of God"**, and the assembled people respond saying "AMEN" ☐





# ഞായർദിന ചിന്തകൾ

ഫാ. ജോസഫ് സാമുവേൽ കറുകയിൽ



**പള്ളികൾ പണിയുക. ഓഡിറ്റോറിയം പണിയുക. പാഴ്സനേജ് പണിയുക ചുമ്മാതിരിക്കുന്ന സുന്ദരമായ കെട്ടിടങ്ങൾ പൊളിച്ചുതാഴെയിട്ട് കോടികൾ കൊണ്ട് മാർബിൾ പൊതിയുക ഇതാണ് സഭയുടെ പ്രധാന ദൗത്യം എന്ന് നാം ചിന്തിക്കുന്നു വെങ്കിൽ ഒടുവിൽ കെട്ടിടങ്ങൾ മാത്രമെ കാൺകയുള്ളു മനുഷ്യൻ വഴിയാധാരമാകും എന്ന സത്യം നാം വിസ്മരിക്കരുത്.**

*2001 ജനുവരി 7*
**ദനഹായ്ക്കുശേഷം ഒന്നാം ഞായർ**
**വി. മത്തായി 4.12–22**

യേശു സെബുലൂൻ നഫ്താലി പ്രദേശങ്ങളിലേക്കു കടന്നു ചെല്ലുന്നതും തന്മൂലം യെശയ്യാ പ്രവാചകൻ കാലങ്ങൾക്കു മുമ്പെ പ്രവചിച്ചതു പൂർത്തിയായതും കർത്താവു മീൻപിടുത്തക്കാരെ വിളിച്ച് മനുഷ്യരെ പിടിക്കുന്ന ദൗത്യം ഏല്പിക്കുന്നതുമാണ് ഇന്നത്തെ ചിന്താവിഷയം.

കർത്താവിനു വഴിയൊരുക്കുവാൻ കടന്നു വന്ന യോഹന്നാൻ തടവിലായി എന്നു കേട്ടാറെ യേശു ഗലീലക്കു വാങ്ങിപ്പോയി. സെബുലൂൻ നഫ്ത്താലി പ്രദേശത്തു കൂടി കടന്നു കഫർന്നഹൂമിൽ എത്തി. ബി.സി. 8–ാം നൂറ്റാണ്ടിൽ യെശയ്യാ പ്രവചനം 9:12 വാക്യങ്ങളിൽ പ്രവചിച്ച വാക്യം ഇവിടെ എടുത്തു കാട്ടുന്നു. ഈ വേദഭാഗത്തു നിന്ന് ചില സത്യങ്ങൾ ഗ്രഹിക്കാം.

**1. യേശു വന്നാൽ അന്ധകാരം മാറും**

കർത്താവു കടന്നു ചെന്നപ്പോൾ ഇരുട്ടിൽ നടന്ന ജനം വെളിച്ചം കണ്ടു, വ്യക്തിജീവിതം, കുടുംബജീവിതം, ഔദ്യോഗിക ജീവിതം, സഭാജീവിതം അന്ധകാരമായിതോന്നുന്നുവെങ്കിൽ പരിഹാരമാർഗ്ഗം ദൈവസാന്നിദ്ധ്യം മാത്രമാണ്. കാരണം അവൻ പ്രകാശസ്തംഭമാണ്. ലോകവെളിച്ചമാണ്.

**2. യേശുവന്നാൽ അവിടെ വഴികൾ തെളിവായ്വരും**

അന്ധകാരത്തിൽ വഴികാണാതെ അലയുന്ന ജീവിത യാത്രക്കാരന് ക്രിസ്തുസാന്നിദ്ധ്യം അവന്റെ വഴികൾ തെളിവായ്കാട്ടും. ചുങ്കക്കാരൻ സക്കായിയിൽ യേശു കടന്നുചെന്നപ്പോൾ അവന്റെ വഴിയും ദർശനവും മാറി. ഇതുവരെ ഇങ്ങോട്ടുവാങ്ങുക എന്ന ചിന്ത മാത്രം ഉണ്ടായിരുന്നവന് അന്യായത്തെക്കുറിച്ചു ദർശനം ഉണ്ടായി ഇരട്ടിതിരികെ കൊടുക്കാം എന്ന പുതിയ വഴി അവനു തെളിവായ് വന്നു. അതിനാൽ ആ ഭവനം പ്രകാശിതമായി.

**3. യേശു വരുന്നിടത്ത് മരണഭീതി നീങ്ങിപ്പോകും**

മരണനിഴലിൽ ആയിരുന്നവർക്ക് ഇപ്പോൾ പ്രകാശം ഉദിച്ചു. കാരണം മരണാധികാരിയായിരുന്ന പിശാചിനെ കാൽവറിയിൽ കുത്തു കാഴ്ചയാക്കി. മരണത്തിന്റെയും ജയത്തിന്റെയും താക്കോൽ കൈവശം ഉള്ളവനായ കർതൃസാന്നിദ്ധ്യം മരണഭീതി നീക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ജീവിക്കും.

**4. കർത്താവ് അദ്ധ്വാനികളെ തിരയുന്നു.**

വലവീശുന്നവരെ, അദ്ധ്വാനിക്കുന്നവരെ കർത്താവ് ശിഷ്യന്മാരായി തിരഞ്ഞെടുക്കുന്നു. ഉഴപ്പന്മാരെയും മിനക്കേടുകാരെയും അല്ല, ദൈവ രാജ്യത്തിന്റെ കെട്ടുപണിക്കാവശ്യം. അതിനാൽ ആവാം അദ്ധ്വാനികളെ കർത്താവു തെരഞ്ഞെടുക്കുന്നു.

**5. മനുഷ്യരെ പണിയുക–കാലത്തിന്റെ ആവശ്യം – അതാണ് സഭയുടെ പ്രധാനമിഷൻ.**

ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. പുതുതായി സഭയിലേക്ക് ആളുകളെ ചേർക്കുക എന്നത് ഒരു വശം എങ്കിലും അതിലുപരി ഇന്നിന്റെ ആവശ്യം ആത്മാക്കളെ പണിയുകയാണ്. അനേകർ നാശത്തിന്റെ പാതയിലാണ്. പള്ളികൾ പണിയുക. ഓഡിറ്റോറിയം പണിയുക. പാഴ്സനേജ് പണിയുക ചുമ്മാതിരിക്കുന്ന സുന്ദരമായ കെട്ടിടങ്ങൾ പൊളിച്ചുതാഴെയിട്ട് കോടികൾ കൊണ്ട് മാർബിൾ പൊതിയുക ഇതാണ് സഭയുടെ പ്രധാന ദൗത്യം എന്ന് നാം ചിന്തിക്കുന്നു വെങ്കിൽ ഒടുവിൽ കെട്ടിടങ്ങൾ മാത്രമെ കാൺകയുള്ളു മനു




ഷ്യൻ വഴിയാധാരമാകും എന്ന സത്യം നാം വിസ്മരിക്കരുത്.

**2001 ജനുവരി 14**
**ദനഹായ്ക്കു ശേഷം രണ്ടാം ഞായർ**
**വി. യോഹന്നാൻ 1:43-51**

കർത്താവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ ബെത്സയിദാ പട്ടണക്കാരനായ ഫിലിപ്പോസിനെ കർത്താവു വിളിക്കുന്നതും ഫിലിപ്പോസു നഥനയേലിനെകൂട്ടി കർതൃസന്നിധിയിലേക്കു വരുന്നതുമാണ് ഇന്നത്തെ ചിന്താവിഷയം.

**1. ഫിലിപ്പോസിന്റെ സാക്ഷ്യം-യേശു ന്യായപ്രമാണ പൂർത്തികരണമാണ്.**

യേശു ഫിലിപ്പോസിനെ വിളിച്ചു. അവൻ നഥനയേലിനെ കണ്ടെത്തുന്നു. ഇതാണ് ആളാം പ്രതിയുള്ള സുവിശേഷം ഫിലിപ്പോസ് നഥനയേലിനെ ദൈവത്തിങ്കലേക്കു നടത്തുന്നു. ന്യായപ്രമാണം വായിക്കുകയും അറിയുകയും ചെയ്യുന്ന നഥനയേലിനോടു സാക്ഷിച്ചു, മോശയും പ്രവാചകന്മാരും പ്രസ്താവിക്കുന്നത് ആരെക്കുറിച്ചാണോ ആ വലിയവനായ ദൈവത്തെ ഞാൻ കണ്ടിരിക്കുന്നു. അവർ നസ്രത്തുകാരൻ യേശുവാണ്. ഈ സാക്ഷ്യം നഥനയേലിനെ ദൈവത്തിങ്കലേക്ക് നയിക്കുന്നു. നാം മുഖാന്തിരം മറ്റുള്ളവർ ദൈവത്തിങ്കലേക്ക് അടുക്കുന്നുവോ? അതോ അകറ്റുവാൻ കാരണമാകുന്നുവോ?

**2. മുൻവിധി നിർത്തി അനുഭവിച്ചറിയുക**

നസ്രത്തിൽ നിന്നു വല്ല നന്മയും ഉണ്ടാകുമോ എന്ന ചോദ്യത്തിനു ഫിലിപ്പോസിനു പറയാനുള്ള മറുപടിയാണിത്. മുൻവിധികൾ നിർത്തുക. അവൻ ആര് എന്ന് ദൂരെ നിന്ന് ന്യായം പറഞ്ഞു മടങ്ങാതെ അടുത്തു വരിക, വന്നു കാൺക, അനുഭവിച്ചറിയുക. ക്രിസ്തീയ വിശ്വാസം അനുഭവപരമ്പരയാണ്. കുറെ പ്രമാണങ്ങളുടെ കലവറ മാത്രവല്ല. യഹോവ നല്ലവൻ എന്ന് രുചിച്ചറിയുക. ന്യായവാദങ്ങൾ കൊണ്ട് ദൈവത്തെ അറിയാനാവില്ല. ദൈവത്തെ അറിയാൻ ദൈവസന്നിധിയിൽ അടുത്തുവരിക.

**3. നഥനയേൽ കപടമില്ലാത്ത യിസ്രായേല്യൻ**

കർതൃസാക്ഷ്യമാണിത്, നഥനയേൽ സാക്ഷാൽ യിസ്രയേല്യൻ ഇവനിൽ കപടം ഇല്ല. ഒന്നാം ഇസ്രയേൽ യാക്കോബ് കപടം ഉള്ളവനായിരുന്നു. എന്നാൽ സൂത്രശാലിയായവനെ ദൈവം യിസ്രയേൽ എന്നാക്കിമാറ്റി. ഈ നഥനയേൽ കാപട്യമില്ലാത്ത യിസ്രയേൽ എന്നു ക്രിസ്തു സാക്ഷ്യം നൽകി. മിടുക്കന്മാർ, ധനവാന്മാർ, ബുദ്ധിമാന്മാർ തുടങ്ങിയവർ ഇന്നു ധാരാളം എന്നാൽ കപടം ഇല്ലാത്ത സാക്ഷാൽ യിസ്രയേല്യൻ എന്ന സാക്ഷ്യം എത്ര പേർക്കു ലഭിക്കും? ചിന്തിക്കുക.

*ക്രിസ്തീയ വിശ്വാസം അനുഭവപരമ്പരയാണ്. കുറെ പ്രമാണങ്ങളുടെ കലവറ മാത്രവല്ല. യഹോവ നല്ലവൻ എന്ന് രുചിച്ചറിയുക. ന്യായവാദങ്ങൾ കൊണ്ട് ദൈവത്തെ അറിയാനാവില്ല. ദൈവത്തെ അറിയാൻ ദൈവസന്നിധിയിൽ അടുത്തുവരിക.*

**4. ദൈവം നമ്മുടെ എല്ലാ അവസ്ഥയും അറിയുന്നു.**

നീ എന്നെ എങ്ങനെ എപ്പോൾ അറിയും എന്ന ചോദ്യത്തിന് കർത്താവിന്റെ ഉത്തരം കേട്ടാൽ ഒന്നു മനസ്സിലാകും. നീ ഇവിടെ വരുന്നതിനു മുമ്പും അതിനു ശേഷവും ഉള്ള നിന്റെ എല്ലാ ഹൃദയവിചാരങ്ങളും ദൈവം അറിയുന്നു. ആരെയും കാണാതെ വയലിൽ ചെന്നു സഹോദരനെ കൊന്നു മടങ്ങിയ വഴി ഹാബേലിന്റെ രക്തം ശബ്ദിച്ചു. എല്ലാ അവസ്ഥകളും കാണുന്ന ഒരാൾ ഉണ്ട് എന്ന് നാം ചിന്തിക്കുന്നതു കൊള്ളാം.

**ജനുവരി 21 ഞായർ**
**ദനഹായ്ക്കുശേഷം മൂന്നാം ഞായർ**
**വി. മത്തായി 3: 1-12**

യേശുക്രിസ്തുവിന്റെ മുന്നോടിയായി കടന്നുവന്ന യോഹന്നാൻ സ്നാപകന്റെ പ്രവർത്തനവും പ്രസംഗവും വിശദീകരിക്കുന്നതാണ് ഇന്നത്തെ വേദഭാഗം. യോഹന്നാൻ സ്നാപകന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും വിചിന്തനം ചെയ്താൽ കാണുന്ന യാഥാർത്ഥ്യങ്ങൾ.

**1. മാനസ്സാന്തരം ആണ് അടിയന്തിര ആവശ്യം.**


നമുക്ക് വലിയ താത്പര്യം ഇല്ലാത്തതും എന്നാൽ യോഹന്നാൻ പലപ്പോഴും പ്രസംഗിച്ചതും കർത്താവ് എടുത്തു പറഞ്ഞിട്ടുള്ളതുമായ ഒരു വിഷയമാണ് മാനസ്സാന്തരം. പ്രസംഗങ്ങളുടെ ഉദ്ദേശം തന്നെ മനുഷ്യന്റെ മാനസ്സാന്തരം ആയിരുന്നു. മനുഷ്യ മനസ്സുകൾക്ക് ആന്തരികമായ മാറ്റം സംഭവിയ്ക്കുന്നില്ലെങ്കിൽ നമ്മുടെ പ്രസംഗം, പ്രവർത്തനം, എന്നിവ കൊണ്ട് എന്തർത്ഥം? നമ്മുടെ പ്രാർത്ഥനകൾ, ആരാധന, പ്രസംഗം, ധ്യാനം, കൂദാശകൾ ഇവയെല്ലാം ദൈവരാജ്യാനുഭവങ്ങളിലേക്കു നയിക്കുന്നവയാണ് ദൈവരാജ്യാനുഭവം ഉണ്ടാകണമെങ്കിൽ മാനസ്സാന്തരം ആണ് ആവശ്യം.

**2. മാനസ്സാന്തരയോഗ്യഫലം പുറപ്പെടുവിക്കണം**






മാനസ്സാന്തരം എന്നാൽ മനസ്സുകൾക്ക് ഉണ്ടാകുന്ന ഒരുതരം വൈകാരിക അനുഭവം മാത്രമായികരുതരുത്. വൃക്ഷത്തെ തിരിച്ചറിയുന്നത് ഫലം കൊണ്ടാണ്. മാനസ്സാന്തരത്തിനു യോഗ്യമായ ഫലം ആത്മാവിന്റെ ഫലമാണ്. ക്രൈസ്തവനെ തിരിച്ചറിയുന്നത് കുരിശുമാല കഴുത്തിൽ ഇട്ടതുകൊണ്ടോ, കുരിശിൻതൊട്ടിയിൽ കാശിടുന്നതുകൊണ്ടോ മാത്രം ആകരുത്. യോഹന്നാന്റെ മാനസ്സാന്തര പ്രസംഗം ശ്രവിച്ച വിവിധ തുറകളിൽ ഉള്ളവർ ആരാഞ്ഞു യജമാനനേ ഞങ്ങൾ എന്തു ചെയ്യണം. മാനസ്സാന്തരഫലം കാണുവാൻ പറഞ്ഞു പട്ടാളക്കാരായ നിങ്ങൾ ആരെയും ആന്യായമായി ബലാൽക്കാരം ചെയ്യരുത്. സർക്കാർ ഉദ്യോഗസ്ഥരായ നിങ്ങൾ നിങ്ങൾക്കു കിട്ടുന്ന ശമ്പളം മതി എന്നു വയ്പിൻ. തുടങ്ങിയ നിർദ്ദേശങ്ങൾ മാനസാന്തരഫലമായി പ്രാവർത്തികമാക്കുവാൻ പറഞ്ഞതാണ്. നമുക്ക് മാനസ്സാന്തരം വെറും ഭംഗിവാക്കോ? പ്രസംഗവിഷയം മാത്രമോ? അതോ മാനസ്സാന്തരം ഒരു അനുഭവമോ?




**4. അബ്രഹാമിന്റെ മക്കൾ എന്ന അഹന്തവേണ്ടാ**

അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ടുപറവാൻ തുനിയരുത് എന്നു പ്രസ്താവിക്കുന്നു. അബ്രഹാമിന്റെ മക്കൾ ആയതിനാൽ പൈതൃകം അവകാശപ്പെടാൻ ഉള്ളതിനാൽ നാം മറ്റുള്ളവരേക്കാൾ ശ്രേഷ്ഠർ എന്ന അഹന്തവേണ്ടാ, പൈതൃകത്തെയും പൗരാണികതെയും അഭിമാനമായിത്തന്നെ കരുതാം എന്നാൽ അവ അഹങ്കാരത്തിലേക്കും, അഹം ഭാവത്തിലേക്കും മറ്റുള്ളവരെ പുഛിക്കുന്ന അവസ്ഥയിലേക്കും വളർന്നുകൂടാ. അവ ആപത്തിലേക്കു നയിക്കും. മാനസ്സാന്തരം വളരെ അകലെയായിരിക്കുകയും ചെയ്യും.

**ജനുവരി 28**
**ദനഹായ്ക്കു ശേഷം നാലാം ഞായർ**
**വി. മർക്കോസ് 6:1-6**

യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷാവേളയിൽ പിതൃനഗരത്തിലെത്തി സംഘാലയത്തിൽ പ്രസംഗിച്ചു. തന്റെ ദിവ്യ സന്ദേശത്തിൽ അനേകർ അത്ഭുതപ്പെട്ടപ്പോൾ അനേകർ അസൂയപ്പെട്ടു. അഖിലാണ്ഡത്തിന്റെ ഉടയവന് അത്ഭുതം ഒന്നും ചെയ്യാൻ കഴിയാതെ വന്ന സന്ദർഭം വിശദമാക്കുകയാണ് ഇന്നത്തെ വേദഭാഗം.

**1. ദിവ്യജ്ഞാനം അനേകരെ വിസ്മയപ്പിക്കുന്നു.**

യേശുവിന്റെ ഉപദേശങ്ങൾ കേട്ട് ജനം വിസ്മയിച്ചു. ഇവന് ഇത്തരം വചനങ്ങൾ എവിടെ നിന്ന്? ഈ ജ്ഞാനം എവിടെ നിന്ന് എന്ന് അത്ഭുതപ്പെട്ടു. അവർക്കു മനസ്സിലാകാത്ത ജ്ഞാനമാണ് ദിവ്യജ്ഞാനം. അവ സാധാരണ യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുന്നതിലുപരിയാണ്. ദൈവത്തോടുള്ള ബന്ധത്തിൽ നിന്നു ലഭിക്കുന്ന ജ്ഞാനം മനുഷ്യ ബുദ്ധികൾക്കതീതമാണ്. മീൻ പിടുത്തക്കാർക്കു ലഭിച്ച ദിവ്യ ജ്ഞാനത്തിലെ അത്ഭുതങ്ങൾ പഠിക്കുവാൻ ദൈവശാസ്ത്രത്തിന്റെ വിവിധ ഡിഗ്രികൾ പ്രാപിക്കുന്നവർക്കും സാധിക്കുന്നില്ല എന്തുകൊണ്ട്? അപ്പൊസ്തൊലന്മാർക്കു ലഭിച്ച ജ്ഞാനം ദിവ്യമായിരുന്നു. പരുമല തിരുമേനിയും, പാമ്പാടിതിരുമേനിയും ഒക്കെ പ്രാപിച്ച ജ്ഞാനത്തിനു മുമ്പിൽ ഡോക്ടറേറ്റുകൾ എവിടെ നൽകും?

**2. അസൂയ മറ്റുള്ളവരെ നിസ്സാരന്മാരായി കാണുന്നു.**

യേശു ക്രിസ്തുവിന്റെ ദിവ്യജ്ഞാനം അംഗീകരിക്കാനാവാത്ത അസൂയക്കാർക്ക് യേശുവിന്റെ ദൈവത്വമോ, ദിവ്യത്വമോ അംഗീകരിക്കാനാവില്ല. അവർ അവന്റെ മാനുഷിക വശം ഉയർത്തി അവനെ നിസ്സാരനാക്കാനുള്ള ഒരു പാഴ്വേല നടത്തുന്നു. ഇവൻ മറിയയുടെ മകനല്ലേ? തച്ചനല്ലേ? തുടങ്ങിയ വാക്കുകൾ അതാണ് ചൂണ്ടിക്കാട്ടുന്നത്. യേശുവിന്റെ സഹോദരന്മാരെ കുറിച്ചു പറയുന്ന വാക്കുകൾ കൊണ്ട് വി. മറിയാമിന് മറ്റ് മക്കൾ ഉണ്ടായിരുന്നു എന്നു കാട്ടുവാൻ ചിലർ ഈ വാക്കുകൾ കൂട്ടി ചേർക്കുന്നുണ്ട്. ഈ ലഘു പ്രസംഗക്കുറിപ്പിൽ അതിനുള്ള വിശദീകരണത്തിന് സമയം ഇല്ലാത്തതിനാൽ അവ ഇവിടെ വിശദീകരിക്കുന്നില്ല.

**3. ഇവൻ തച്ചനല്ലയോ?**

ആക്ഷേപസ്വരത്തിൽ ഉന്നയിച്ച വാക്കാണിതെങ്കിലും ആത്മീയാർത്ഥത്തിൽ അവൻ തച്ചൻ തന്നെ. കാരണം പ്രയോജനരഹിതമായി ഉപേക്ഷിക്കപ്പെട്ട മരക്കഷണങ്ങളെ ഉപയോഗപ്രദമായ ആഭരണങ്ങളാക്കി, ഉപകരണങ്ങളാക്കിത്തീർക്കുന്നതാണല്ലോ തച്ചന്റെ പണി. യേശു ആത്മാക്കളെ പണിയുന്ന തച്ചനാണ്. ആർക്കും പ്രയോജനമില്ലാതെ ഉപേക്ഷിച്ചവരെ പണിത് പ്രയോജന പാത്രങ്ങളാക്കി തീർക്കുന്ന സ്വർഗ്ഗീയ തച്ചനാണവൻ.

## മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്



**E. JOHN CHANDY, SARAMMA CHANDY**
**PREM CHANDY, MONCY CHANDI**
**& SHARON CHANDI**

D. 305, Tereskova - Path, Bidhan Nagar
Sector - 2/B Durgapur - 13


ഉദാ. പാപിനിയായ സ്ത്രീ, സക്കായി, അനുതപിച്ച ദുഷ്പ്രവർത്തിക്കാരൻ തുടങ്ങിയവർ

**4. അത്ഭുതത്തിനായി അത്ഭുതം കാണിക്കാത്ത ക്രിസ്തു.**

അത്ഭുതങ്ങൾ ഒന്നും ചെയ്യാൻ കർത്താവിനു കഴിഞ്ഞില്ല. കാരണം അവന്റെ കഴിവു കുറവല്ല. യേശുവിന്റെ അത്ഭുതങ്ങൾ പരിശോധിച്ചാൽ ഒന്നു കാണാം ആവശ്യക്കാരുടെ നിലവിളിയും വിശ്വാസത്തിന്റെ ആഴവും ആണ് അത്ഭുതത്തിനുള്ള അടിസ്ഥാനം. അത്ഭുത പ്രവർത്തകനായോ, മാന്ത്രികനായോ, യേശു അത്ഭുതങ്ങൾ ചെയ്തിട്ടില്ല ഇന്നും ചെയ്യുകയില്ല. പക്ഷെ ആവശ്യക്കാരന്റെ, വിശ്വാസിയുടെ വിശ്വാസത്തിന്മേൽ ഇന്നും അവൻ വൻ കാര്യങ്ങൾ ചെയ്യുന്നു.

**ഫെബ്രുവരി 4**
**ദനഹായ്ക്കു ശേഷം അഞ്ചാം ഞായർ**
**വി. മർക്കോസ് 1:12–20**

കർത്താവിന്റെ സ്നാനത്തിനു ശേഷം പരീക്ഷിക്കപ്പെടുവാനായി നാല്പതു ദിവസം മരുഭൂമിയിൽ ആയിരുന്നതും അവന്റെ പരീക്ഷകളെ വിജയിച്ചുവന്ന കർത്താവ് ദൈവരാജ്യം പ്രസംഗിക്കുന്നതും ശിഷ്യന്മാരെ വിളിക്കുന്നതുമായ സംഭവങ്ങൾ വിശദമാക്കുന്നതാണ് ഇന്നത്തെ വേദഭാഗം.

**1. പരീക്ഷ സഹിച്ച കർത്താവ് പരീക്ഷകളിൽ നമ്മോടുകൂടെ**

പരീക്ഷിക്കപ്പെടുവാൻ മരുഭൂമിയിലേക്കു നടത്തപ്പെട്ട കർത്താവു പരീക്ഷ ജയിച്ചു വന്ന് തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നു.

വിജയകരമായ പ്രവർത്തനങ്ങൾക്ക് പരീക്ഷ സഹിക്കുന്നത് സല്ലതാണ് യാക്കോബ് 1:12 കാണുക "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ... അവൻ കൊള്ളാവുന്നവനായി തെളിയുകയും... വാഗ്ദാനം ചെയ്തിരിക്കുന്ന ജീവകിരീടം പ്രാപിക്കുകയും ചെയ്യും." പരീക്ഷസഹിച്ചവർ മാത്രമേ കൊള്ളാവുന്നവരായി തെളിയുന്നു അവർക്ക് ദൈവം തന്റെ മക്കൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ജീവകിരീടം നൽകും. പൗലൂസ് പറഞ്ഞു ഞാൻ നല്ലപോർ പൊരുതി......... നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.

**2. യേശുവിന്റെ പ്രസംഗവിഷയം ശ്രദ്ധിക്കുക.**

മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക എന്നതാണ് പ്രസംഗ വിഷയം സഭാവിശ്വാസവും വി. പാരമ്പര്യങ്ങളും, ആരാധനയും, കൂദാശകളുമെല്ലാം നമ്മെ മാനസ്സാന്തരത്തിലേക്കു നയിക്കുവാനും സുവിശേഷത്തിൽ വിശ്വസിക്കുവാനും ദൈവരാജ്യത്തിലേക്ക് അടുപ്പിക്കുവാനും ഉള്ള ഉപാധികൾ ആണ്. ഒന്നും ഒന്നിനോട് വിരുദ്ധമല്ല. ഓരോന്നും അറിയേണ്ട വിധം അറിയുകയും ഗ്രഹിക്കേണ്ടവിധം ഗ്രഹിക്കുകയും ചെയ്യണം എന്നു മാത്രം. അതറിയാത്തതിനാലാണാണ് ആരാധനയിൽ വിശ്വസിക്കുന്നവൻ സുവിശേഷത്തിൽ വിശ്വസിക്കുന്നില്ല. സുവിശേഷത്തിൽ വിശ്വസിക്കുന്നവൻ പാരമ്പര്യത്തിൽ വിശ്വസിക്കുന്നില്ല. ഓരോന്നും ദൈവരാജ്യവുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്നു ദൈവജനത്തെ ശക്തമായി പഠിപ്പിക്കുവാനുള്ള കടപ്പാടും നമുക്കുണ്ട്.

**3.അദ്ധ്വാനികളെ യേശു തെരഞ്ഞെടുക്കുന്നു.**

കടലിൽ വലവീശുന്ന ശീമോനെയും അന്ത്രയോസിനെയും പടകിൽ ഇരുന്നു വല നന്നാക്കുന്ന യാക്കോബിനെയും യോഹന്നാനെയും കർത്താവു വിളിച്ചു. അദ്ധ്വാനിക്കുവാൻ തയ്യാറുള്ളവരെയാണ് ഇന്നും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കാവശ്യം. സ്ഥാനങ്ങൾ അലങ്കാരങ്ങളാക്കി അദ്ധ്വാനം അല്പം പോലും ചെയ്യാത്തവർ ഇന്നും കർതൃവേലയെ പരിഹാസ്യമാക്കുന്നു.

**4. വിളിക്കപ്പെട്ടവരുടെ മുൻഗണനകൾ മാറണം**

യാക്കോബും യോഹന്നാനും അപ്പനെ വിട്ടു. ശീമോനും അന്ത്രയോസും വലവിട്ടു. ദൈവരാജ്യത്തിനു വേണ്ടി വിളിക്കപ്പെടുന്നവർ അവരവരുടെ മുൻഗണനകൾക്ക് മാറ്റം വരുത്തണം. ഇനി നിനക്ക് പഴയവലയല്ല പ്രധാനം. പിന്നെയോ ഏറ്റെടുത്തിരിക്കുന്ന ദൗത്യം എന്ത്? അതിന്റെ ഗൗരവം എന്ത്? അതിന്റെ ആഴം എന്ത് എന്ന് അറിയണം. സ്ഥാപനങ്ങൾ വേണം പക്ഷെ മുൻഗണന അതാകരുത്. പണം വേണം പക്ഷെ ജീവിതം തന്നെ പണമാകരുത്. സൗകര്യങ്ങൾ വേണം പക്ഷെ സൗകര്യം മാത്രമാകരുത് ജീവിത ലക്ഷ്യം. നമ്മുടെ മുൻഗണനകൾ (Priorities) മാറാത്തിടത്തോളം കാലം പ്രവർത്തന ശൈലി മാറുകയില്ല. മുൻഗണനകൾ അനുസരിച്ചാണ് നാം നമ്മുടെ സമയം, ആരോഗ്യം, കഴിവുകൾ, താലന്തുകൾ ഉപയോഗിക്കുന്നത്. ☐



ജനുവരി 15. വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുന്നാൾ

5-ാം പേജിൽ നിന്നു തുടർച്ച

ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും, പ്രാർത്ഥനയോടും കൂടെ രാപകൽ ആരാധന കഴിച്ചുപോന്നു. മതാനുഷ്ഠാനത്തിലെ സർവ്വ പ്രധാനമായ ആചാരം ഏവം വിധമുള്ള ദിവ്യസംസർഗ്ഗമത്രെ. ഞാൻ യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയത്തെ പകരുകയത്രെ ചെയ്തത് എന്ന് പണ്ടു വേറൊരു ഹന്നാ പ്രസ്താവിച്ചതു സ്മർത്തവ്യമായിരിക്കുന്നു. ദൈവാലയത്തിലേക്കുള്ള നമ്മുടെ കർത്താവിന്റെ പ്രഥമ പ്രവേശന വേളയിൽ ഭക്തയായ ഹന്നാ അടുത്തു നിന്നു ദൈവത്തെ സ്തുതിക്കുകയും അവിടെ ഉണ്ടായിരുന്ന എല്ലാവരോടും ആ പൈതലിനെക്കുറിച്ചു സംസാരിക്കയും ചെയ്തു.

ദൈവത്തിനു ആത്മാർത്ഥമായി പ്രതിഷ്ഠിക്കപ്പെട്ട ആ പൈതൽ വളർന്ന് ജ്ഞാനം നിറഞ്ഞ് ആത്മാവിൽ ബലപ്പെട്ടുപോന്നു. അവൻ അവന്റെ മാതാപിതാക്കന്മാർക്കു കീഴടങ്ങിപ്പാർത്തു, ജ്ഞാനത്തിലും, വളർച്ചയിലും ദൈവത്തിന്റെയും, മനുഷ്യരുടെയും, കൃപയിലും വളർന്നുവന്നു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവനു നിങ്ങൾ ചെവികൊടുപ്പീൻ എന്ന പിതാവാം ദൈവവും, അവൻ നിങ്ങളോട് എന്തു പറയുന്നുവോ അതു നിങ്ങൾ ചെയ്യുവിൻ എന്നു മാതാവാം മറിയാമും പ്രസ്താവിക്കുവാൻ ഇടയായത് അത്ഭുതമല്ലല്ലോ.

പൈതലായ യേശുവിനെ മായൽത്തോദിവസം, മാർ യൗസേപ്പും, വി. കന്യകമറിയാമും മാത്രമല്ല ശെമവൂനും, ഹന്നായും കർത്താവിനു കാഴ്ചയർപ്പിച്ചു. എന്തൊന്നുകൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്ന് അത്യുന്നതമായ ദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു" (മീഖാ 6:6) എന്ന് ഭക്തന്മാർ ചിന്തിക്കുന്നു. അഭക്തർക്ക് ആ ചിന്തയില്ല. വരുവാനും, വണങ്ങുവാനും അവർക്ക് ആഗ്രഹമേയില്ല. ദൈവം ഇല്ല എന്നാകുന്നു അവരുടെ നിരൂപണം ഒക്കെയും.

എന്നാൽ ദൈവഭയമുള്ളവരാകട്ടെ ദൈവത്തെപ്പറ്റി ചിന്തിക്കുന്നു. ദൈവസന്നിധിയിൽ ചെല്ലണമെന്ന് അവർ ആഗ്രഹിക്കുന്നു. വെറുങ്കൈയോടെ അരുതല്ലോ: എന്തൊന്നു കൊണ്ടുപോകണം എന്നവർ ആലോചിക്കുന്നു. മകൻ അപ്പനെ ബഹുമാനിക്കേണ്ടതല്ലയോ? ഞാൻ അപ്പനെങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? എന്റെ ആലയത്തിൽ ആഹാരം ഉണ്ടാക്കേണ്ടതിനു ദശാംശം മുഴുവൻ നിങ്ങൾ ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നു സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ? എന്ന് സൈന്യങ്ങളുടെ യഹോവ മലാഖി പ്രവാചകൻ മൂലം അരുളിച്ചെയ്യുന്നു.


ആകയാൽ ദൈവം നമ്മോടു കൃപ കാണിക്കുവാൻ തക്കവണ്ണം നാം അവനെ പ്രസാദിപ്പിക്കേണ്ടതാകുന്നു. എന്തൊന്നു കൊണ്ടു ഞാൻ ദൈവാലയത്തിൽ കർതൃമുമ്പാകെ ചെല്ലണം എന്ന് ഓരോരുത്തരും ചിന്തിക്കേണ്ടതു തന്നെയാണ്. ആദ്യഫലങ്ങളും ദശാംസങ്ങളും നാം ദൈവത്തിനു കൊണ്ടു ചെന്ന് അർപ്പിക്കണം. നമ്മെത്തന്നെ നാം ദൈവത്തിനു കൊടുക്കണം സർവ്വോപരി, യേശു എന്ന ഏകജാതനെ നാം ദൈവത്തിനുകൊടുക്കണം. സ്വന്തമല്ലാത്തത് എങ്ങനെയാണ് കൊടുക്കുക? ആകയാൽ സമ്പത്തു മുതലായവയെപ്പോലെ യേശുവിനെയും നാം സ്വന്തമാക്കിയിട്ട് ദൈവത്തിനു അർപ്പിക്കണം. ഇതത്രെ മഹാമഹൽ കാഴ്ചയർപ്പണം. "യേശുക്രിസ്താം ഇക്കൂർബാനയെ നീ കൈക്കൊൾക-യോബുസുഗിരിമേൽ ദാവീദരചൻ യാഗംപോലെ" എന്ന പ്രാർത്ഥനയോടെ പുരോഹിതൻ വിശുദ്ധ കുർബ്ബാന സമാപ്തമാക്കുമ്പോൾ ആ വിശുദ്ധ കർമ്മത്തിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കും അത് അനുഭവമാകേണ്ടതല്ലയോ?

*(എം.സി. കുറിയാക്കോസ് റമ്പാച്ചന്റെ 'ആത്മനിക്ഷേപ' ത്തിൽ നിന്ന് 1962)*

## പ്രകാശനം ചെയ്തു

 പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ചരമരജത ജൂബിലി സ്മരണിക ജാനുവരി 3-ാം തീയതി ദേവലോകം അരമനയിൽ വച്ച് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി, സഭാ ട്രസ്റ്റി പി. സി. ഏബ്രഹാമിന് നല്കി കൊണ്ട് നിർവ്വഹിച്ചു. കോപ്പി ആവശ്യമുള്ളവർ 75 രൂപ എം. ഒ./ ഡി.ഡി. (പോസ്റ്റേജ് സഹിതം) താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

മാനേജിംഗ് എഡിറ്റർ
മലങ്കരസഭ
ദേവലോകം, കോട്ടയം-686 038






# മാനവ സമുദായത്തിന്റെ ഐക്യം ക്രൈസ്തവ ജനതയുടെ ലക്ഷ്യം

## - ഫീലിപ്പോസ് മാർ യൗസേബിയോസ്



പത്തനംതിട്ട: സഭകളുടെ ഐക്യം മാത്രമല്ല മാനവ സമുദായത്തിന്റെ ഐക്യമാണ് ക്രൈസ്തവ ജനതയുടെ ലക്ഷ്യമെന്ന്

ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. ജനുവരി 1ന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തിഡ്രലിൽ മഹാജൂബിലി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബിഷപ്പ് സാം മാത്യു, യുയാക്കീം മാർ കൂറിലോസ് റവ. എം. ടി. ജോസഫ് കോർ എപ്പിസ്കോപ്പാ എന്നിവർ പ്രസംഗിച്ചു സമ്മേളനത്തിനു മുന്നോടിയായി പത്തനംതിട്ട ടൗൺ ചുറ്റി നടന്ന പ്രേഷിത റാലിയിൽ ഓർത്തഡോക്സ്, മാർത്തോമ്മാ, കത്തോലിക്കാ സി. എസ്. ഐ സഭകളിലെ പതിനായിരക്കണക്കിന് ഇടവകജനങ്ങളും വൈദികരും കന്യാസ്ത്രികളും പങ്കെടുത്തു.

## മതാന്തര സംവാദം സോഫിയാ സെന്ററിൽ

കോട്ടയം: കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെയും ഇൻഡ്യൻ സെന്റർ ഫോർ മിഷൻസ് സ്റ്റഡീസിന്റെയും, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ ഡവലപ്പ്മെന്റിന്റെയു സംയുക്താഭിമുഖ്യത്തിൽ 2001 ജനുവരി 25 മുതൽ 27 വരെ കോട്ടയം സോഫിയാ സെന്ററിൽ വച്ച് മതാന്തര സംവാദം നടക്കുന്നു.

അസ്ഗർ അലി എൻജിനീയർ (മുംബൈ) ബിഷപ്പ് ഡോ. ക്രിസ്റ്റഫർ ഫുർട്ടാഡോ (മാംഗ്ളൂർ) റവ. ഡോ. ധ്യാൻചൻദ് ഖാർ (മധുര) റവ. ഡോ. കെ.സി. ഏബ്രഹാം ബാംഗ്ലൂർ, റവ. ഡോ. റ്റി. എം. ഫിലിപ്പ് തിരുവല്ല, ഡോ. എം. പി. ജോസഫ് മധുര തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം വഹിക്കും.

മതേതര പൊതു സമൂഹത്തെ ആശയത്തിലും പ്രായോഗികതലത്തിലും മതാന്തര പ്രസ്ഥാനങ്ങളിൽ കൂടി കെട്ടിപണി ചെയ്യുന്നതിൽ തൽപരരായ രാഷ്ട്രീയ നേതാക്കൾ, ചരിത്രപഠിതാക്കൾ, മത പ്രവർത്തകർ, അദ്ധ്യാപകർ, ദൈവശാസ്ത്ര വിദ്യാർത്ഥികൾ എന്നിവർക്കു പ്രയോജനകരമായ ഈ മതാന്തര സംഭാഷണത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കു ജനുവരി 20-ാം തീയതി വരെ മാങ്ങാനത്തുള്ള കെ.സി.സി. ഓഫീസിൽ 50 രൂപ അടച്ചു പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഭക്ഷണം, താമസക്രമീകരണങ്ങൾ, പഠനസാമഗ്രഹികൾ എന്നിവ സംഘാടകർ ക്രമീകരിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്

0481 - 575666, 575324, 581945

## സിൽവർ ജൂബിലി ആഘോഷം

നാഗപ്പൂർ: നാഗപ്പൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നവംബർ 12-ാം തീയതി ഞായറാഴ്ച പ. പരുമലതിരുമേനിയുടെ ഓർമ്മപെരുനാളും, ധ്യാനമന്ദിരത്തിന്റെ കൂദാശയും, ഭദ്രാസന മെത്രാപ്പോലീത്ത സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ 77-ാം ജന്മദിനവും മെത്രാപ്പോലീത്താ സ്ഥാനാരോഹണത്തിന്റെ 25-ാം വാർഷികവും ആഘോഷിച്ചു.

വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം നടന്ന പൊതുസമ്മേളനം ഉദ്ഘാടനം നാഗപ്പൂർ കത്തോലിക്ക ബിഷപ്പ് അഭി. ഏബ്രഹാം വിരുത്ത്കുളങ്ങര നിർവ്വഹിച്ചു. ഫാ. ബിജു ചാണ്ടി, ഫാ. ഡോ. ജോർജ്ജ് മാത്യു, ഫാ. ജോൺസൺ, ഫാ. ജോർജ്ജ്, ശ്രീ. റ്റി. പി. ഫീലിപ്പോസ്, ഫാ. ഡോ. റെജി മാത്യു, ഫാ. ജോർജ്ജ് മാത്യു എന്നിവർ പ്രസംഗിച്ചു.

വികാരി ഫാ. ഏബ്രഹാം പി. ജോർജ്ജ് സ്വാഗതവും സെക്രട്ടറി ശ്രീ. വി. സി. നൈനാൻ കൃതജ്ഞതയും പ്രകാശിപ്പിച്ചു.




ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്നുകൊണ്ട്
സെന്റ്. മാത്യൂസ് ഗോസ്പൽ റ്റീം
നയിക്കുന്ന സുവിശേഷ പ്രഘോഷണവും
സംഗീത വിരുന്നും.

പ്രഗത്ഭ വൈദീകർ പ്രസംഗീക്കുന്നു. മദ്ധ്യസ്ഥപ്രാർത്ഥന, രോഗശാന്തി ശുശ്രൂഷ, കൗൺസലിംഗ്. ചലച്ചിത്ര പിന്നണി ഗായകൻ അലക്സ് കെ. പോളിന്റെ നേതൃത്വത്തിൽ സംഗീതവിരുന്ന്.

*Contact*: Ph: 0473-343385
Alex K. Paul, Kuttikkattil, Kizhavalloor P.O, Konni, PTA.

അലക്സ് കെ. പോളിന്റെ നേതൃത്വത്തിൽ വെഡ്ഡിംഗ് ക്വയർ, ഫ്യൂണറൽ ക്വയർ, ഗാനമേള, ഭക്തിഗാനമേള.

## പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മ പെരുന്നാൾ





ദേവലോകം അരമനയിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ, പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ 2001 ജനുവരി 2, 3 തീയതികളിൽ ഭംഗിയായി ആഘോഷിച്ചു.

രണ്ടാം തീയതി വൈകിട്ട് തെക്കുനിന്നും എത്തിയ തീർത്ഥാടകരെ കോടിമതയിൽ സ്വീകരിച്ചു. സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് അഭി. യാക്കോബ് മാർ ഐറേനിയോസ് അനുസ്മരണ പ്രസംഗം നടത്തി. മൂന്നാം തീയതി വി. മൂന്നിന്മേൽ കുർബാനയ്ക്കു പ. കാതോലിക്കാബാവാ നേതൃത്വം നൽകി. അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് പ്രസംഗിച്ചു.

## മലങ്കരയുടെ മഹാപരിശുദ്ധൻ വേൾഡ് വൈഡ് വെബിൽ

മലങ്കരസഭയുടെ ഏക പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള വെബ്സൈറ്റ് മുംബൈ ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് വാഷി അരമനയിൽ വച്ച് ഒക്ടോബറിൽ 11-ാം തീയതി Launch ചെയ്തു. മീരാബയന്തർ സെന്റ് ഗ്രീഗോറിയോസ് ചർച്ച് വികാരി ഫാ. എം. സി. ഗീവർഗീസ്, ശ്രീ. റ്റി. ഏബ്രഹാം (മുൻട്രസ്റ്റി) ശ്രീ വി. ഇ. വർഗീസ് മാനേജിംഗ് കമ്മറ്റി മെമ്പർ, ശ്രീ ബാബു ജോർജ്ജ്, മാത്യു വർഗീസ് (എല്ലാരും സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി മിരാബയന്റർ) മുതലായവർ സംബന്ധിച്ചു.



പരുമല തിരുമേനിയേ ലോകം മുഴുവൻ അറിയിക്കുക എന്ന ഉദ്ദേശമാണ് ഇതിന് പിന്നിലുള്ളത് എന്ന് സൈറ്റ് സ്പോൺസർ ചെയ്തിരിക്കുന്ന ശ്രീ ജോസ് പുത്തൻപുരയിൽ പരുമല, പറഞ്ഞു.

WWW.st-gregorios-parumala.org

## സ്വീകരണം നൽകി

പത്തനംതിട്ട: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് ഈയിടെ നടന്ന തെരഞ്ഞെടുപ്പിൽ തുമ്പമൺ ഭദ്രാസനത്തിലെ അംഗങ്ങളിൽ നിന്നും വിജയികളായവർക്ക് ഒക്ടോബർ 5-ാം തീയതി പത്തനംതിട്ട ബേസിൽ അരമനയിൽ സ്വീകരണം നൽകി. ഭദ്രാസന കൗൺസിലിന്റെയും ഭദ്രാസനത്തിലെ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ചുമതലയിൽ നടത്തിയ പ്രസ്തുത സമ്മേളനത്തിൽ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും അംഗങ്ങളെ റോസാപുഷ്പങ്ങൾ നല്കി സ്വീകരിക്കുകയും ചെയ്തു. ഫാ. കെ. റ്റി. മാത്യൂസ്, ഫാ. ടൈറ്റസ് ജോർജ്, ഡോ, റ്റി. എ. ജോർജ്ജ്, പ്രൊഫ. കെ.ജെ മാത്യു, ബ്രൂസ് തടത്തിൽ, എന്നിവർ ആശംസകൾ നേർന്നു. തുമ്പമൺ ബ്ലോക്ക് പഞ്ചായത്തംഗം ഷാജി തുമ്പമൺ, പത്തനംതിട്ട മുനിസിപ്പൽ കൗൺസിലർ റോസമ്മ കുറിയാക്കോസ്, പ്രമാടം പഞ്ചായത്ത് വൈസ് പ്രസിഡന്റ് റോബിൻ പീറ്റർ എന്നിവർ മറുപടി പറഞ്ഞു. രാഷ്ട്രീയ പരിഗണനകൾക്കതീതമായി ജനങ്ങളുടെ സേവനത്തിന് മുമ്പോട്ട് വരുവാൻ അഭി. തിരുമേനി ആഹ്വാനം ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട 50 അംഗങ്ങളിൽ 41 പേരും യോഗത്തിൽ സംബന്ധിച്ചു. 60% അധികം വനിതാ അംഗങ്ങൾ ഉണ്ടായിരുന്നു. പത്തിൽ ഏഴ് അംഗങ്ങളെ വിജയിപ്പിച്ച തുമ്പമൺ കത്തീഡ്രലിലെ അംഗങ്ങളെ യോഗത്തിൽ പ്രത്യേകം അഭിനന്ദിച്ചു.

## റാങ്ക് നേടി



ഇക്കഴിഞ്ഞ ആന്ധ്രാപ്രദേശ് സംസ്ഥാന എസ്. എസ്. സി. (10-ാം ക്ലാസ്സ്) പരീക്ഷയിൽ 14-ാം റാങ്ക് ലഭിച്ച ഷൈനി മേരി വർഗ്ഗീസ്. സംസ്ഥാന ഗവർമെന്റിന്റെ പ്രതിഭാ അവാർഡ്, കേന്ദ്ര ഗവർമെന്റിന്റെ നാഷണൽ മെറിറ്റ് അവാർഡ്, എന്നിവ ലഭിച്ചിട്ടുണ്ട്. ഹൈദ്രബാദ് സെന്റ് ഗ്രീഗോറിയോസ് ഇടവകയിൽ കല്ലിശ്ശേരി പൂവത്തിനാൽ അഡ്വ പി. വി. വർഗീസിന്റെ മകളാണ്.

## ഒന്നാമത്



മലങ്കരസഭയുടെ എജന്റുമാരിൽ കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ വരിക്കാരെ ചേർത്ത ജേക്കബ് ടി. ഏബ്രഹാം ഇദ്ദേഹം ഉമയാറ്റുകര സെന്റ് തോമസ് വലിയപള്ളി ഇടവകക്കാരനാണ്. കുടിശ്ശിക, വരിസംഖ്യ, പരസ്യം, ഉപകാരസ്മരണാ ബ്ലോക്കുകൾ മുതലായവ സ്വീകരിക്കുന്നതാണ്.

താമരപ്പള്ളിൽ വീട്, ഓതറ<br>
തിരുവല്ല<br>
ഫോൺ: 0473-614105





## ജറുസലേം പാത്രിയർക്കീസ് കാലം ചെയ്തു



ജറുസലേമിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ് ദിയോദോറോസ് ഒന്നാമൻ (77) ഹൃദയസ്തംഭനം മൂലം 2000 ഡിസംബർ 19 ചൊവ്വാഴ്ച രാത്രിയിൽ കാലം ചെയ്തു. കബറടക്കം വെള്ളിയാഴ്ച ഒലിവ് മലയിലെ ചർച്ച് ഓഫ് അസൻഷനിൽ നടന്നു.

നമ്മുടെ കർത്താവിന്റെ സഹോദരനായ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ പിൻഗാമിയും വിശുദ്ധ നാട്ടിലെ ഏറ്റവും പൗരാണികവും വലുതുമായ സഭയുടെ തലവനുമായിരുന്നു ഇദ്ദേഹം. കൽക്കദോനിയാ സുന്നഹദോസ് (451) ആണ് ജറുസലേമിനെ ഒരു പാത്രിയർക്കേറ്റാക്കിയത്. ബൈസന്റൈൻ സഭാ കുടുംബത്തിൽ ഈ സഭ ഉൾപ്പെടുന്നു. ഇവിടത്തെ പാത്രിയർക്കീസു മാർ കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസിനെ സമന്മാരിൽ മുമ്പനായും ആത്മീയ നേതാവായും അംഗീകരിക്കുന്നു. പലസ്തീനിലെ മിക്ക വിശുദ്ധ സ്ഥലങ്ങളും ഈ സഭയുടെ നിയന്ത്രണത്തിലാണ്. ഇസ്രായേൽ, പലസ്തീൻ, ജോർദാൻ, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളിലായി 20 മെത്രാന്മാരും ഒരു ലക്ഷത്തോളം അംഗങ്ങളും ഈ പാത്രിയർക്കേറ്റിലുണ്ട്. പാത്രിയർക്കീസും മെത്രാന്മാരും വൈദികരിൽ മിക്കവരും ഗ്രീക്കുകാരും ജനങ്ങളിൽ ഭൂരിഭാഗവും അറബികളുമാണ്.

റോമിലെ മാർപാപ്പായുടെയും അർമേനിയായിലെ സുപ്രീം കാതോലിക്കായുടെയും കീഴിൽ ജറുസലേമിൽ യഥാക്രമം ഒരു ലത്തീൻ പാത്രിയർക്കീസും ഒരു അർമേനിയൻ പാത്രിയർക്കീസും ഉണ്ടെങ്കിലും, അവർ ഗ്രീക്ക് പാത്രിയർക്കീസിനൊപ്പം പൗരാണികത്വം അവകാശപ്പെടുന്നില്ല. അന്ത്യോഖ്യായിലെ മെൽക്കൈറ്റ് കത്തോലിക്കാ പാത്രിയർക്കീസ് ഇവിടത്തെ ഗ്രീക്ക് കത്തോലിക്കർക്ക് നേതൃത്വം നൽകുന്നു. സിറിയൻ ഓർത്തഡോക്സ് സഭയ്ക്കും ഇവിടെയൊരു ഭദ്രാസനമുണ്ട്. മറ്റ് ചില ഓർത്തഡോക്സ് സഭകൾക്കും വിശുദ്ധ നാട്ടിൽ അംഗങ്ങളുണ്ട്.

1923-ൽ ഗ്രീസിൽ ജനിച്ച ദിയോദോറോസ് പാത്രിയർക്കീസ് 1938-ൽ പലസ്തീനിലേക്കു കുടിയേറി. 1944-ൽ സന്യാസിയും ശെമ്മാശനുമായി. 1947-ൽ വൈദികനും 1962-ൽ ഹൈരാപോലീസിലെ (ജോർദാൻ) ആർച്ച് ബിഷപ്പുമായി. 1981 ഫെബ്രുവരി 16-ന് പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. ഈ വർഷമാദ്യം ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധ നാടു സന്ദർശിച്ചപ്പോൾ ഇദ്ദേഹവുമായി ചർച്ച നടത്തിയിരുന്നു.

ജോർദാൻ രാജാവ് അബ്ദുള്ളാ, പലസ്തീൻ പ്രസിഡന്റ് യാസർ അറഫാത്ത് തുടങ്ങിയവർ ഇദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം പ്രകടിപ്പിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുമായി അടുത്തബന്ധം പുലർത്തിയിരുന്ന അദ്ദേഹം സഭയുടെ ഉത്തമ സുഹൃത്തായിരുന്നെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## ദേവാലയ കൂദാശ

കല്ലട: പുതുക്കിപണിത സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ (കല്ലട വലിയപള്ളി) കൂദാശ കർമ്മം ഡിസംബർ 29,30 തീയതികളിൽ വിപുലമായ പരിപാടികളോടെ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവയുടെ മുഖ്യ കാർമ്മികത്വത്തിലും നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, ഗീവർഗ്ഗീസ് മാർ കൂറിലോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും നടത്തി.

### ആടുന്ന കൊമ്പിലെ പാടുന്ന പക്ഷി

ക്രിസ്തീയ കവിതാ സമാഹാരം പാമ്പാടി ഐക്കരപ്പടവിൽ ഫാ. പി. പി. ഗീവർഗീസ് രചിച്ച 51 പദ്യങ്ങൾ. പ്രസാധകൻ: പാമ്പാടി മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്.

അവതാരിക : ഡോ. മാത്യൂസ് മാർ സേവേറിയോസ്<br>
ആശംസ : ഡോ. ഗീവർഗീസ് മാർ ഒസ്താത്യോസ്<br>
വില : 30 രൂപ

For copies: Baby Varghese<br>
Mackal, Pampady - 686502, Ph: 0481-507995, 507895

### കാതോലിക്കേറ്റിന്റെ കാവൽഭടൻ (ജീവചരിത്രം)

പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ജീവചരിത്രം. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും നന്മയ്ക്കും വേണ്ടി അചഞ്ചലനായി നിലകൊണ്ടതും പട്ടിണിയും കഷ്ടപ്പാടും എതിർപ്പും മർദ്ദനവും എല്ലാം വിവരിക്കുന്ന ഗ്രന്ഥം.

പ്രൗഢമായ അവതാരിക രചിച്ചിരിക്കുന്നത് കോനാട്ട് അബ്രഹാം മല്പാൻ.

ഗ്രന്ഥകർത്താവ് : കെ.വി. മാമ്മൻ,<br>
പ്രസാധകർ : കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം-18, വില. 50

### നീരും നീരുറവകളും

വി. കൂദാശകളെപ്പറ്റിയുള്ള പഠനം. ഗവേഷണബുദ്ധിയോടുള്ള സമീപനം കൂദാശകളെപറ്റി പല ഉൾക്കാഴ്ചകളും നൽകുന്നു. ഡോ. തോമസ് മാർ അത്താനാസിയോസിന്റെ അവതാരിക ഗ്രന്ഥകർത്താവ് ഫാ. ഡോ. കെ. സി. മാത്യു, കുറ്റിക്കണ്ടത്തിൽ. വിതരണം : സോഫിയാ ബുക്സ്, കോട്ടയം, ഫോൺ : 303237 വില : 60

# സൺഡേസ്കൂൾ വാർത്ത

**അ**വലോകനം:- ഈ സഹസ്രാബ്ദത്തിലെ പ്രഥമ വർഷമാണ് നാം പിന്നിട്ടത്. അതു മഹാജൂബിലി വർഷമായിരുന്നല്ലോ. അതു സംബന്ധിച്ച് ആഘോഷപരിപാടികൾ വിവിധ സഭകളും സംഘടനകളും നടത്തുകയുണ്ടായി. സൺഡേസ്ക്കൂളിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹകരമായ ഒരു വർഷമായിരുന്നു നാം പിന്നിട്ടത്. പ്രവർത്തനങ്ങളെക്കുറിച്ച് പരാതികൾ ഒന്നും ഉണ്ടായില്ല. അതുകൊണ്ട് കുറവുകളോ പരാജയങ്ങളോ ഒന്നും സംഭവിച്ചിട്ടില്ല എന്ന് അവകാശപ്പെടുന്നില്ല. എല്ലാ പരിപാടികളും നിശ്ചിത സമയങ്ങളിൽ നിർദ്ദിഷ്ട നിശ്ചയ പ്രകാരം നടപ്പാക്കാൻ കഴിഞ്ഞു.

ഓരോ പള്ളിക്കും ഓരോ സണ്ടേസ്ക്കൂളിനും ഓരോ കലണ്ടർ നൽകുന്ന പരിപാടി കഴിഞ്ഞവർഷവും നടന്നു. കൂടാതെ സൺഡേസ്ക്കൂളിന്റെ വകയായി പ്രത്യാകം തയ്യാറാക്കിയ ഡയറി കേന്ദ്ര കമ്മറ്റിയംഗങ്ങൾക്കും എല്ലാ ഹെഡ്മാസ്റ്റേഴ്സിനും നൽകുവാൻ സാധിച്ചു. ഈ രണ്ടു പദ്ധതികൾക്കായി അരലക്ഷം രൂപായോളം പ്രസ്ഥാനത്തിനു ചെലവുണ്ട്. സാമ്പത്തിക സമൃദ്ധികൊണ്ട് ചെയ്യുന്നതല്ല, ഞെരുക്കത്തിൽക്കൂടിയാണെങ്കിലും സൺഡേസ്ക്കൂൾ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനുമുള്ള താല്പര്യത്തിൽ നിന്നാണ്. അൻപതു വർഷം സൺഡേസ്ക്കൂൾ രംഗത്ത് സേവനമനുഷ്ഠിച്ചവരെ അനുമോദിക്കാനുള്ള അവസരവും കഴിഞ്ഞ വർഷം ഉണ്ടായി. അതിനും ഏതാണ്ട് നാല്പത്തയ്യായിരം രൂപാ ചെലവുണ്ട്. പുരസ്ക്കാരം ഏറ്റു വാങ്ങുവാൻ വന്നവരിൽ ചിലർ തൊണ്ണൂറു കഴിഞ്ഞവരായിരുന്നു. അവരുടെ മുഖത്ത് പ്രകടമായ സന്തോഷവും ചാരിതാർത്ഥ്യവും അവിസ്മരണീയമായിരുന്നു.

പുതുതായി സൺഡേസ്ക്കൂളിന്റെയും ഒ.വി.ബി.എസ്സിന്റെയും പല യൂണിറ്റുകളും രജിസ്റ്റർ ചെയ്തു എന്നത് സന്തോഷകരമായ കാര്യമാണ്. ജീവകാരുണ്യ ദിനപ്പിരിവ് മുൻവർഷങ്ങളെയെല്ലാം കവച്ചു വയ്ക്കുന്നതായിരുന്നു.. ഈ പിരിവിൽ ഗൾഫ് മേഖലയിലെ സൺഡേസ്ക്കൂളുകളുടെ പങ്ക് പ്രത്യേകം എടുത്തുപറയത്തക്കതാണ്; അവർ പ്രത്യേക കൃതജ്ഞത അർഹിക്കുന്നു.

**മാതാപിതാക്കളോട് ഒരു വാക്ക്:**

തങ്ങളുടെ കുഞ്ഞുങ്ങൾ ധാർമ്മിക നിഷ്ഠയിലും, ആത്മീയ ജ്ഞാനത്തിലും വളരണമെന്ന് ആഗ്രഹിക്കാത്ത മാതാപിതാക്കൾ ആരും ഉണ്ടാവുകയില്ല. തങ്ങളുടെ ജീവിതത്തിൽ അപജയങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവരുടെ കുഞ്ഞുങ്ങൾക്ക് അങ്ങനെ സംഭവിക്കരുതെന്ന് ആഗ്രഹിക്കുന്നവരും പ്രാർത്ഥിക്കുന്നവരുമാണ്. പക്ഷേ മാതാപിതാക്കളുടെ തെറ്റായ മാതൃകയും, ആത്മികതയിലുള്ള അശ്രദ്ധയും കുഞ്ഞുങ്ങളെ സ്വാധീനിക്കുമെന്നു മറന്നുകൂടാ.

ടീവി പരിപാടികളിലും മറ്റു വിനോദങ്ങളിലും ഏർപ്പെടുവാൻ കുട്ടികൾ ഏറെ ഇഷ്ടപ്പെട്ടു എന്നു വരാം. സൽപ്രേരണയും നിർബന്ധവും ഉണ്ടെങ്കിൽ മാത്രമേ സൺഡേസ്ക്കൂളിൽ ക്രമമായി പോകുവാൻ കുട്ടികൽ സന്നദ്ധമാകൂ. അതുകൊണ്ട് മാതാപിതാക്കളുടെ കടമ ശരിയായി മനസ്സിലാക്കി പുതിയ അദ്ധ്യയന വർഷത്തിൽ കുഞ്ഞുങ്ങളെ നിർബന്ധമായി സൺഡേസ്ക്കൂളിൽ അയയ്ക്കാൻ ശ്രദ്ധിയ്ക്കണം. ബാല്യത്തിൽ ലഭിക്കേണ്ട പരിശീലനവും ബോധനവും പിന്നീട് അവർക്കു ലഭിക്കുകയില്ല എന്നോർക്കണം ചെറുപ്പത്തിൽ സൺഡേസ്ക്കൂളിൽ കുട്ടികളെ അയയ്ക്കാത്തവർ വെല്ലൂരിലെ പ്രവേശനത്തിനുള്ള ടെസ്റ്റ് എഴുതുവാൻ കുട്ടികളെ ബൈബിളും സഭാ വിശ്വാസവും പഠിപ്പിക്കുവാൻ ചില വൈദികരെ തിടുക്കത്തിൽ സമീപിക്കുന്ന കാഴ്ച അപൂർവ്വമല്ല.

**സമ്മാനപുസ്തകങ്ങൾ:** വാർഷിക സമ്മേളനങ്ങളും സമ്മാനദാനങ്ങളും, നടക്കുമ്പോൾ നമ്മുടെ സഭ വക പ്രസിദ്ധീകരണങ്ങൾക്കു മുൻഗണന നൽകണമെന്ന് ചൂണ്ടിക്കാണിക്കുന്നു. വളരുന്ന തലമുറ നമ്മുടെ പ്രസിദ്ധീകരണങ്ങളുമായി പരിചയപ്പെട്ടും, മനസ്സിലാക്കിയും വളരേണ്ടതാണ്. ഇപ്പോൾ നമ്മുടേതായ അനവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എം. ഒ. സി. പബ്ലിക്കേഷൻസ്, സെന്റ് പോൾസ് പബ്ലിക്കേഷൻസ്, സോഫിയാ ബുക്സ്, സെമിനാരി പബ്ലിക്കേഷൻസ് ഇങ്ങനെ പലതുണ്ട്. ക്രൈസ്തവ സാഹിത്യസമിതിയുടെ പ്രസിദ്ധീകരണങ്ങളും ഉപയോഗപ്പെടുത്താം

നവവത്സരാശംസകളോടെ

**ഫാദർ റ്റി. ജെ. ജോഷ്വ**

**ഡയറക്ടറൽ ജനറൽ**




A WELL WISHER CALCUTTA







**P.C. KURIAKOSE & FAMILY**
**ANNAMMA CHACKO,**
**ANNAMMA KURIAKOSE & VINOD JACOB KURIAKOSE**
**Kohima**



ഏലിയാസ് തോമസ് കുന്നന്താനം



ഒരു വിശ്വാസി, കുർത്തമല



Pappan Mathews & Family, Baroda



Thomas Abraham Baroda



Annamma Zacharia, Korba



Saramma Mulackal Vadasserikara

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000*

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

37-ാം ഓർമ്മപ്പെരുന്നാൾ

## പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ



3-1-2001

ദേവലോകം കാതോലിക്കേറ്റ് അരമന

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-